# മണിവീണ

ചങ്ങമ്പുഴ

# ജീവചരിത്രഗ്രന്ഥങ്ങൾ

| | രൂ: | ണ. |
|---|---|---|
| ശ്രീരാമകൃഷ്ണദേവൻ | 1 | 2 |
| വിവേകാനന്ദസ്വാമികൾ | 0 | 6 |
| ശ്രീമച്ഛങ്കരാചാര്യർ | 0 | 6 |
| പണ്ഡിതമോട്ടിലാൽനെഹ്രു. | 0 | 12 |
| ജീവിതദീപം | 0 | 15 |
| ശ്രീകൃഷ്ണകഥാനുവർണ്ണനം | 0 | 15 |
| ശ്രീയേശുക്രിസ്തു | 0 | 15 |
| ഡാക്ടർ ലിവിംഗ്സ്റ്റൺ | 0 | 6 |
| ലാലാ ലജപതറായി | 0 | 6 |
| സ്വാമിരാമതീർത്ഥൻ (ഒരു ലഘുജീവചരിത്രം) | | 12 |
| സ്വാമിരാമതീർത്ഥൻ (വിവിധവീക്ഷണങ്ങളിൽ) | 1 | 4 |
| മഹാത്മാഗാന്ധി | 0 | 3 |
| ഹെൻട്രിഫോർഡ് | 0 | 12 |
| വിക്ടോറിയാ മഹാറാണി | 0 | 12 |
| ഫ്രാൻസിസ് അസ്സിസി | 1 | 14 |
| കന്യകാമറിയം | 1 | 2 |
| ജീവചരിത്രസഞ്ചിക (ഒന്നാംപുസ്തകം) | 0 | 7½ |
| ടി (രണ്ടാംപുസ്തകം) | 0 | 7½ |
| ടി (മൂന്നാംപുസ്തകം) | 0 | 7½ |

കൂടാതെ വിവിധവിഷയങ്ങളെ അധികരിച്ചുള്ള അനവധി മലയാളപുസ്തകങ്ങളും പള്ളിക്കൂടംപുസ്തകങ്ങളും അക്കൗണ്ടുബുക്കുകളും ചിട്ടക്കണക്കുബുക്കുകളും മററു എല്ലാവിധ സ്റ്റേഷനറി സാമാനങ്ങളും ഞങ്ങളുടെ ബുക്കുഡിപ്പോകളിൽനിന്നു മിതമായ വിലയ്ക്കു കിട്ടുന്നതാണ്. കച്ചവടക്കാർക്കു ആകർഷണീയമായ കമ്മീഷൻ നൽകുന്നതാണ്. വലിയ ക്യാററ്ലാഗിനു ഉടനെ ആവശ്യപ്പെടുക.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ:— തിരുവനന്തപുരം, ആലപ്പുഴ.

Digitized By Kerala Sahitya Akademi

# മണിവീണ

(Selections from Bashpanjali)
for
School-use Only

ഗ്രന്ഥകർത്താ,

ചങ്ങമ്പുഴ കൃഷ്ണപിള്ള
ഇടപ്പള്ളി

പ്രകാശകർ,

ശ്രീരാമവിലാസം പ്രസിദ്ധീകരണ[illegible],

കൊല്ലം,

മൂന്നാം പതിപ്പ് കാപ്പി 1000

Copyright) [വില അണ 12.

Digitized By Kerala Sahitya Akademi

ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.
1124.

Digitized By Kerala Sahitya Akademi

കഴിഞ്ഞയാണ്ടു കന്നിമാസത്തിൽ, എന്റെ അമ്പതിൽപരം ലഘുകാവ്യങ്ങൾ സമാഹരിച്ചു, ശ്രീമാൻ ഈ. വി. കൃഷ്ണപിള്ള അവർകളുടെ പ്രസാധകത്വത്തിൽ ഞാൻ ‘ബാഷ്പാഞ്ജലി’’ എന്നൊരു കൃതി പ്രസിദ്ധീകരിക്കയുണ്ടായി. അതിലെ ഏതാനും കവനതന്ത്രികൾ തിരഞ്ഞെടുത്തു ചേർത്തിണക്കി നിർമ്മിച്ചിട്ടുള്ളതാണു് ഈ “മണിവീണ.” വിദ്യാർത്ഥികളുടെ ഉപയോഗംമാത്രം ലക്ഷ്യമാക്കിയിട്ടുള്ള ഈ പ്രസിദ്ധീകരണം, ആശയാവിഷ്കരണത്തിനു സഹായ്യമായ ഒരു ലഘുടിപ്പണിയാൽ അലംകൃതമാണു്. വികാരപ്രധാനങ്ങളായ ഭാവനാചിത്രങ്ങൾക്കു, അവയുടെ സ്വാരസ്യം തികച്ചും ആസ്വദിക്കാനുപകരിക്കുന്ന, ചില സൂചനകളും ടിപ്പണിയിൽ കൊടുത്തിട്ടുണ്ടു്. ശൃംഗാരലേശംപോലും തീണ്ടാതെ, ഇതിലെ ഓരോ പദ്യശകലവും പ്രത്യേകം പരിശോധിച്ചും പരിഷ്കരിച്ചും ആണു് ചേർത്തിരിക്കുന്നതു്.

ഇതിന്റെ പ്രസാധകത്വം സദയം കയ്യേററ ശ്രീമാൻ വി. എൻ. നാരായണപിള്ള അവർകളോടു് എനിക്കുള്ള കൃതജ്ഞത വാഗതീതമാകയാൽ, തൽക്കാലം ഞാൻ മൗനം അവലംബിക്കയേ നിവൃത്തിയുള്ളു.

പിടിപ്പതു ജോലിത്തിരക്കുകളുണ്ടായിട്ടും ഈ പുസ്തകം ഒന്നുരണ്ടു ദിവസംകൊണ്ടു് ഇത്ര കമനീയമായി മുദ്രണംചെയ്തുതന്ന ശ്രീരാമവിലാസം പ്രസ്സുടമസ്ഥന്മാരോടും എനിക്കുള്ള കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊണ്ടു്, ഈ ലഘുകാവ്യസമുച്ചയത്തെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഇടപ്പള്ളി,
11—1—1111

ഗ്രന്ഥകർത്താ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിഷയവിവരം


| നമ്പർ. | പേരു്. | രീതി | പേജ്ജു്. |
|---|---|---|---|
| 1 | തുഷാരഗീതി | കേക | 1 |
| 2 | ആ പൂമാല | ഓമനക്കുട്ടൻ | 4 |
| 3 | വിനീതവാഞ്ഛിതം | ഉപസർപ്പിണി | 11 |
| 4 | ആശ | കേക | 13 |
| 5 | പരാജയം | മാകന്ദമഞ്ജരി | 14 |
| 6 | ജീവിതസ്വപ്നം | ഉപസർപ്പിണി | 18 |
| 7 | വിശ്രാന്തി | അന്നനട | 21 |
| 8 | തപ്തസ്മരണ | ഉപസർപ്പിണി | 24 |
| 9 | എന്റെ നിർവൃതി | ഗുണമേരു | 28 |
| 10 | ഫേമ | കേക | 29 |
| 11 | ശവകുടീരത്തിന്മേൽ | ഉപസർപ്പിണി | 31 |
| 12 | ഏകാന്തതയിൽ | ഗുണമേരു | 32 |
| 13 | അനുഭൂതി | കേക | 35 |
| 14 | സങ്കേതം | മാവേലി | 38 |
| 15 | ശൂന്യതയിൽ | പാന | 39 |
| 16 | വിസ്മൃതി | മാവേലി | 40 |
| 17 | പ്രഭാതബാഷ്പം | താരാട്ടു് | 41 |
| 18 | ആ രംഗം | തിരുവാതിര | 45 |
| 19 | അടുത്തപ്രഭാതം | മാവേലി | 46 |
| 20 | പ്രതീക്ഷ | ഉപസർപ്പിണി | 48 |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# മണിവീണ

## തുഷാരഗീതി

സ്വാഗതം സവിതാവേ! നിർമ്മലാത്മാവേ! സ്വാമിൻ;
ഭാഗധേയത്താലെനിക്കങ്ങയെക്കാണാറായി.

ധന്യനാമവിടുത്തെക്കാരുണ്യാതിരേകത്താ-
ലെന്നാത്മാവൊരു കൊച്ചുതേജോമണ്ഡലമിപ്പോൾ.

ഞാനൊരുമഞ്ഞുതുള്ളി—തെററിപ്പോയ്, ക്ഷണികത
നാനാത്വങ്ങളിലൊരു നീർപ്പോളയേക്കാൾ തുച്ഛം.

ഭൂമിക്കും നാകത്തിനുമൊന്നുപോലൊരു രത്ന-
സീമയായ് നിലകൊള്ളും ചക്രവാളത്തെപ്പോലെ,

നിത്യമല്ലാത്തോരെന്നിലെന്തിനാണവിടുത്തെ
നിസ്തുലപ്രഭാപൂരം ചൊരിഞ്ഞു പാഴാക്കുന്നു?

ഇത്തേജോഭരം തെല്ലും താങ്ങുവാൻ കെല്പില്ലല്ലോ
സത്വരം സ്വാമിൻ! രാഗമൂക ഞാൻ മൂർച്ഛിച്ചാലോ!

ഒരുകാലത്തും തലപൊക്കിടാത്തിപ്പുൽക്കൊടി-
ക്കൊരുഭാരവുംകൂടിയേററിയെൻജനിയാൽ ഞാൻ!

Digitized By Kerala Sahitya Akademi

കർമ്മസാക്ഷിയാം ഭവാനെന്നോടു നിശ്ശബ്ദമായ്
നർമ്മസല്ലാപം ചെയ്തതാരുമിന്നറിയേണ്ട.

ഈ നിഗൂഢമാം ദിവ്യപ്രേമമൊന്നല്ലീ, തമോ-
ലീനമായൊരെൻജന്മം വെളിച്ചമാക്കിത്തീർത്തു?

അകളങ്കാത്മാവാകുമങ്ങയോടെനിക്കൊട്ടും
പ്രകടിപ്പിക്കാനില്ല ശക്തി,യെൻകൃതജ്ഞത!

നിസ്തുലരാഗത്താലെൻഹൃദയം വികസിക്കെ
നിർജ്ജീവവസ്തുക്കൾക്കും സൗന്ദര്യമായ് ഞാൻപോലും

അവസാനിച്ചീടാത്ത പുളകാങ്കുരത്തിനാ-
ലവനീദേവി നിത്യമൂകയായ് നിലകൊൾകെ,

പരിപാവനയാമജ്ജനനി കാൺകെക്കാൺകെ-
പ്പരിപൂർണ്ണതയിങ്കൽ ചെന്നു ഞാൻ ലയിക്കാവൂ!

പക്ഷികൾ മനോജ്ഞമാം പഞ്ചമഗാനങ്ങളാൽ,
വൃക്ഷങ്ങൾ മധുരമാം മർമ്മരാരവത്തിനാൽ;

ലതകൾ നൃത്തത്തിനാൽ, പുഷ്പങ്ങൾ സുഗന്ധത്താൽ;
സതതം ചിത്തം തുടിച്ചെന്നെന്നുമാനന്ദിക്കും!

നിസ്സാരമാകും, ക്ഷണം മാഞ്ഞുപോ,മൊരു വെറും
നിശ്ശബ്ദമന്ദസ്മിതം മാത്രമാണെന്നാനന്ദം.

ആയതിൻപരിധിയാണെന്നുടെ പരിപൂർത്തി
മായണമതിങ്കൽ ഞാനെത്തിയാലപ്പോൾതന്നെ!

Digitized By Kerala Sahitya Akademi

അലംഘ്യപ്രഭയേലും, തവ ദിവ്യാംശുവൊന്നി-
ലലിഞ്ഞു ചേൎന്നിടുവാൻ വെമ്പലായി മേ, ദേവ!

മായുന്നതെന്തിന്നായ് ഞാൻ?—തന്മൂലം ഭവദ്രശ്മി
മാമകാഭയാലല്പം മിന്നിക്കാനായാ, ലായി!

രാഗചുംബിയാം തുച്ഛജീവിതം മദീയം, ഹാ!
ത്യാഗത്തിലെത്തിപ്പൂ ഞാൻ!—വിരമിക്കട്ടേ, നാഥാ!...

Digitized By Kerala Sahitya Akademi

# ആ പൂമാല

———

"ആരുവാങ്ങു, മിന്നാരുവാങ്ങു, മീ-
യാരാമത്തിൻെറ രോമാഞ്ചം?..."

അപ്രമേയവിലാസലോലയാം
സുപ്രഭാതത്തിൻ സുസ്മിതം

പൂർവ്വദിങ്മുഖത്തിങ്കലൊക്കെയും
പൂവിതളൊളി പൂശുമ്പോൾ,

നിദ്രയെന്നോടു യാത്രയും ചൊല്ലി
നിർദ്ദയം വിട്ടുപോകയാൽ,

മന്ദചേഷ്ടനായ് നിന്നിരുന്നു, ഞാൻ
മന്ദിരാങ്കണവീഥിയിൽ

എത്തിയെൻ കാതിലപ്പൊഴുതൊരു
മുഗ്ദ്ധസംഗീതകന്ദളം......

"ആരുവാങ്ങു, മിന്നാരുവാങ്ങു, മീ-
യാരാമത്തിൻെറ രോമാഞ്ചം?......"

പച്ചപ്പുൽക്കൊടിത്തുഞ്ചിൽ തഞ്ചുന്ന
കൊച്ചുമാണിക്യക്കല്ലുകൾ,

Digitized By Kerala Sahitya Akademi

ഞാനറിഞ്ഞതില്ലെന്തുകൊണ്ടെ,ന്നെൻ
മാനസം കവൎന്നിലൊട്ടും.

അല്ലെങ്കിൽ ച്ചിത്തമെ,ങ്ങതാ ഗാന
കല്ലോലത്തിലലിഞ്ഞല്ലോ!

ഗാനമാലികേ! വെൽക വെൽക നീ
മാനസോല്ലാസദായികേ!

ഇത്രനാളും നുകൎന്നതില്ല ഞാ-
നിത്തരമൊരു പീയൂഷം.

പിന്നെയുമതാ, തെന്നലിലൂടെ
വന്നിടുന്നുണ്ടെന്നാനന്ദം......

"ആരുവാങ്ങു, മിന്നാരുവാങ്ങു, മീ-
യാരാമത്തിൻെറ രോമാഞ്ചം?......"

* * *

നന്മലരായ് വിരിഞ്ഞിട്ടില്ലാത്ത
പൊൻമുകുളമേ, ധന്യ നീ!—

തിന്മതൻനിഴൽ തീണ്ടിടാതുള്ള
നിൎമ്മലതചമേ, ധന്യ നീ!—

പുഞ്ചിരിക്കൊള്ളും വാസന്തശ്രീ, നിൻ
പിഞ്ചുകൈയിലൊതുങ്ങിയോ?

Digitized By Kerala Sahitya Akademi

മാനവന്മാർ നിൻ ചുററുമായുടൻ
മാലികയ്ക്കായ് വന്നെത്തുമെ,

ഉത്തമേ! നിൻമുഖത്തു നോക്കുമ്പോ-
ളെത്രചിത്തം തുടിച്ചിടാ!

ഹാ! മലീമസമാനസർപോലു-
മോമനേ! നിന്നെക്കാണുമ്പോഠം,

പൂതചിത്തരായ് തീരുമാറുള്ളോ-
രേതുശക്തി നീ നിർമ്മലേ?

നിൽക്ക, നിൽക്ക, ഞാൻ കാണട്ടെ നിന്നെ
നിഷ്കളങ്കസൗന്ദര്യമേ!!

*          *          *

"ആരുവാങ്ങു, മിന്നാരുവാങ്ങു, മീ-
യാരാമത്തിൻെറ രോമാഞ്ചം?......"

രാജപാതയിൽ പൊന്നുഷസ്സുപോൽ
രാജിച്ചീടിനാഠം ബാലിക.

സംഖ്യയില്ലാതെ കൂടിനാർ ചുററും
തങ്കനാണയം തങ്കുവോർ.

ആശയുഠംത്താരിലേവനുമുണ്ടാ-
പ്പേശലമാല്യം വാങ്ങുവാൻ.

Digitized By Kerala Sahitya Akademi

എന്തതിൻവിലയാകട്ടെ, വാങ്ങാൻ
സന്തോഷം ചെററല്ലേവനം.

സുന്ദരാധരപല്ലവങ്ങളിൽ
മന്ദഹാസം വിരിയവെ;

നീലലോലാളകങ്ങൾ നന്മൃദു-
ഫാലകത്തിലിളകവെ;

മന്ദവായുവിലംശുകാഞ്ചലാം
മന്ദമന്ദമിളകവെ;

വിണ്ണിനുള്ള വിശുദ്ധകാന്തി, യാ-
ക്കണ്ണിണയിൽ വഴിയവെ

മാലികയുമായ് മംഗലാംഗിയാൾ
ലാലസിച്ചിതാപ്പാതയിൽ!!

താരുണ്യ, മൽപനാളിനുള്ളിലാ-
ത്താരെതിരുടൽ പുൽകിടാം

ഇന്നോരാനന്ദസാരമാ മിളം-
കുന്ദകോരകം താനവൾ.

രാജപാതയിൽ തിങ്ങിക്കൂടിയോ-
രാ ജനാവലിയൊന്നുപോൽ,

ആനന്ദസ്തബ്ധമായി, സുന്ദര-
ഗാനമീവിധം കേൾക്കവെ......

Digitized By Kerala Sahitya Akademi

"ആരുവാങ്ങു, മിന്നാരുവാങ്ങു, മീ-
യാരാമത്തിൻെറ രോമാഞ്ചം?......"

*   *   *

ചേലെഴുന്നൊരത്തുമലർമാല്യ-
മാളില്ലേ, വാങ്ങാനാരുമേ?

തങ്കനാണ്യങ്ങളായതിന്നവർ
ശങ്കിയാതെത്ര നല്കീല!

പൊന്നു നല്കുന്നു പൂവിനായിക്കൊ-
ണ്ടെന്നാലും, മതി വന്നീലേ?

ഓമലേ! നിൻ ധനാഭിലാഷത്തിൻ-
സീമ നീപോലും കാണ്മീലേ?

അന്തരീക്ഷാന്തരം പിളർന്നും, നീ
ഹന്ത! പായുന്നു മോഹമേ!

*   *   *   *

"ആരുവാങ്ങു, മിന്നാരുവാങ്ങു, മീ-
യാരാമത്തിൻെറ രോമാഞ്ചം?......"

പൊൻപുലരിയെത്തെല്ലിടമുൻപു
ചുംബനം ചെയ്ത ഭാനുമാൻ,

നീലവാനിൻ നടുവിലായ് നിന്നു
തീയെതിർ വെയിൽ തൂകുന്നു.

Digitized By Kerala Sahitya Akademi

പച്ചിലച്ചാർത്തിനുള്ളിലായോരോ
പക്ഷികൾ കൊൾവൂ വിശ്രമം.

കൂട്ടുകൊണ്ടു വരണ്ടവായുവി-
ലാടിടുന്നു ലതാളികൾ.

ആരും വാങ്ങിയിട്ടില്ലെന്നോ, ഹാ! നി-
ന്നാരാമശ്രീതൻ സൗഭാഗ്യം?

*　　*　　*

കാട്ടിലാ മരച്ചോട്ടിലാ, യുണ്ടൊ-
രാട്ടിടയ കുമാരകൻ,

ഉച്ചവെയ്‌ലേൽക്കാതുല്ലസിക്കുന്നു
പച്ചപ്പുൽത്തട്ടിലേകനായ്.

മുൻപിലായിതാ, മോഹനാംഗിയാം
വെമ്പലാന്നൊരു ബാലിക,

ഇപ്പൊഴുമുണ്ടപ്പിഞ്ചുകൈയില-
പ്പൊൽപ്പൂമലർമാലിക...

ആനതാനനയായി നിന്നവ-
ളാദരാൽ, മന്ദമോതിനാൾ:—

"ബാല! മൽ തുച്ഛസമ്മാനമാകും
മാല,—നീയിതു വാങ്ങുമോ?"

വിസ്മയസ്തബ്ധനായതില്ലവൻ
വിസ്തരിച്ചതില്ലൊന്നുമേ.

Digitized By Kerala Sahitya Akademi

സ്വീയമാം ശാന്തഭാവത്തിൽ, സ്മിത-
പീയൂഷംതൂകിയോതിനാൻ:—

"ഇല്ലല്ലോ നിനക്കേകുവാ,നൊരു
ചില്ലിക്കാശുമെൻ കൈവശം!"

അസ്സമാംഗിതന്നക്ഷികളി,ലി-
തശ്രുബിന്ദുക്കൾ ചേർത്തുപോയ്!

അഗ്ഗളനാളത്തിങ്കൽ നിന്നിദം
നിർഗ്ഗളിച്ചു സഗൽഗ്ഗദം:—

"ഒന്നുരണ്ടല്ല തങ്കനാണയം
മുന്നിൽവച്ചതാ മാനുഷർ;

ആയവക്കാക്കും വിററീല, ഞാനീ-
യാരാമത്തിൻെറ രോമാഞ്ചം!"—

"ഓമനേ! മാപ്പിരന്നിട്ടുന്നു ഞാ-
നാമലർമാല്യം വാങ്ങിയാൽ

എന്തു നൽകേണ്ടു പിന്നെ ഞാ,നെൻെറ
സന്തോഷത്തിൻെറ മുദ്രയായ്?"

പുഞ്ചിരിയിൽ കുളിത്ത,നൽക്കിളി-
ക്കൊഞ്ചൽതൂകിനാൾ, കൺമണി:—

"ആ മുരളിയിൽ നിന്നൊരു വെറും
കോമളഗാനം പോരുമേ!!......"

Digitized By Kerala Sahitya Akademi

# വിനീതവാഞ്ഛിതം

മരതകാഭ വഴിഞ്ഞൊഴുകീടുമി-
ത്തൃണസമാകുലമൈതാനഭൂമിയിൽ;
മട്ടമലരണിവല്ലികൾ ചൂഴമീ-
മലയജാമലശീതളച്ഛായയിൽ;
കലിതകൗതുകമാട്ടമേച്ചീവിധം
കഴിയുവാനെന്തു ഭാഗ്യം ലഭിച്ചിടും!

വിജനതകൾക്കു ജീവൻകൊടുക്കുമെൻ
മുരളികാനന്ദഗാനലഹരിയിൽ,
മതിമറന്നെത്ര കാനനവല്ലികൾ
തലകുലുക്കി രസിക്കയില്ലെപ്പൊഴും!

ഉദയകൗതുകം കാണുവാനായ് സ്വയം
മിഴിതുറക്കും മുകുളമുഗ്ദ്ധാംഗിമാർ,
ഭരിതമോദമെൻ മുന്നിലാത്താദരം
ചൊരിയുകില്ലെത്ര രാഗപരിമളം!

മൃദുലമംഗളസംഗീതലോലയാ-
യൊഴുകിടുന്നൊരിക്കൊച്ചപൂഞ്ചോലയിൽ,
സമയമെത്രകഴിക്കില്ല നിത്യവും
സരസലീലയിൽ ഞാനും സഖാക്കളും!

സുഖസുഷുപ്തികലരും സുശീതള-
സുമവിരാജിത സുന്ദരശയ്യയിൽ;



Digitized By Kerala Sahitya Akademi

മധുരചിന്താലഹരിയിൽ ലീനനാ-
യമരുമാച്ചുടുമദ്ധ്യാഹ്നവേളയിൽ;
വയലിൽനിന്നും മടങ്ങുമൊരോമലാ-
ളണയുമെൻ മുന്നിലാനതമൗലിയായ്!

ചുരുൾമുടിക്കെട്ടഴിച്ചുവിതത്തുകൊ
ണ്ടരികിൽനിൽക്കുമവളോടു മന്ദമായ്,
ഹരിതദീപ്രമക്കാനനമണ്ഡല-
ചരിതമോരോന്നു ചോദിച്ചനാകുലം,
മലിനമേശാത്തൊരാത്മാർത്ഥസൗഹൃദ-
മൃദുലവീചിയിൽ മഗ്നനായ് വാണിടും.

ലളിതചന്ദ്രികകോരിച്ചൊരിഞ്ഞിടും
ഹൃദയമോഹനഹേമന്തരാത്രിയിൽ
പൊഴിയുമെൻ മുളിപ്പാട്ടുകൾ കേട്ടുകേ-
ട്ടലിയുമോരോരോ വെൺമണൽത്തിട്ടുകൾ!

മലയമാരുതനേററേററു, കോകില-
മധുരപഞ്ചമം കേട്ടുകേട്ടങ്ങനെ;
മടുമലരണിവല്ലികൾ ചൂഴ്മി
മലയജാമലശീതളച്ഛായയിൽ;
കലിതകൗതുക, മാട്ടുമേച്ചീവിധം
കഴിയുവാനെന്നു ഭാഗ്യം ലഭിച്ചിടും!

---

Digitized By Kerala Sahitya Akademi

# ആശ

ഒരുവെൺമുകിൽമാലയായിരുന്നെങ്കിൽ, ചെന്ന-
ച്ചെറുതാരകയെ ഞാനിക്ഷണം ചുംബിച്ചേനെ
കൊതിയുണ്ടെല്ലായ്പ്പൊഴും ചിത്തത്തിനാകാശത്തിൻ
മതിലേഖയെ മന്ദം മാറിലേയ്ക്കണയ്ക്കുവാൻ!

വഴിയേ വന്നൊൻ കാൽക്കൽ നില്പവ കൈവിട്ടു, ഞാൻ
വഴുതും വസ്തുക്കളിൽ കയറിപ്പിടിക്കുന്നു
കാലത്തിൻ കണ്ണാടിയിൽക്കൂടി ഞാൻ നോക്കീടുമ്പോൾ
കാണുന്നു നാനാവർണ്ണമയമായ് മൽജീവിതം.
ഹരിതപ്രഭം പോയതി,പ്പൊഴുള്ളതുപീതം
വരുവാനിരിക്കുന്നതൊക്കെയും തമോമയം!

'നാളെ', 'യിന്നലെ',യെന്ന പേരെഴുമിരുവർ തൻ
തോളിൽ കൈപിടിച്ചെത്തു'മിന്നേ!' നീ ബലഹീന!
നിന്നെപ്പോൽ, നിശ്ശൂന്യതയ്ക്കുള്ളിലെത്രപേരിനി-
ച്ചെന്നെത്തിക്കഴിഞ്ഞാലെന്നാശയ്ക്കു വിരമിക്കാം?

Digitized By Kerala Sahitya Akademi

# പരാജയം

---

സംസാരചക്രത്തിരിച്ചിലിൽ, ഭേമാനം
സംഭവിച്ചീടാത്തസൗരയൂഥം;
ചേതസ്സമാകർഷകങ്ങളായ് മിന്നിടും
ജ്യോതിർമ്മയങ്ങളാം ഗോളജാലം;
ആദിയു,മന്തവു,മില്ലാതപാരമാ-
യാവിർഭവിക്കുമൊരന്തരീക്ഷം
ഇത്രമേലത്ഭുതമൊന്നിക്കും, ബ്രഹ്മാണ്ഡ-
മെത്രസഹസ്രങ്ങളുണ്ടിനിയും,
കോടാനുകോടികളായവയേതൊരു
വാടാവിളക്കിൻ സ്ഫുലിംഗകങ്ങൾ?

ഇന്നത്തെ'ശ്ശാസ്ത്ര'ത്തെപ്പോലും പൊട്ടനാനെ-
സ്സംഭ്രമിപ്പിച്ചോരജ്ഞാതസത്യം—
എത്രപരീക്ഷണപാടവംകൊണ്ടു,മൊ-
രെത്തും പിടിയും ലഭിച്ചിടാതെ,
മർത്ത്യനെപ്പേർത്തും ദയനീയസംശയ-
ഗ്രസ്തനായ് മാറ്റും മഹാരഹസ്യം—
ഏത,തിൻ നിത്യപ്രകാശസരിത്തിലെൻ
ചേതനേ! ചെന്നു ലയിക്കുക, നീ!

Digitized By Kerala Sahitya Akademi

ആയതിൻസൗന്ദര്യബോധലഹരിയി-
ലാനന്ദഗാനമുതിർക്കുക, നീ!

*   *   *   *

വന്നുപരാജയ,മെന്നുദയനീയം
ബന്ധിതമയ്യോ, പുരോഗമനം!
"സംഭവ്യത തൻ തിരകളിൽ" നിന്നൊട്ടും
മുൻപോട്ടുപോകാത്ത ശാസ്ത്രമേ! നീ,
വിശ്വംജയിച്ചെന്നഭിമാനകാഹള-
മിത്രയും കാലം മുഴക്കിയില്ലേ?
ഒന്നിനുമൊട്ടും വഴങ്ങാതെ പാഞ്ഞതാം
നിന്നഹങ്കാരമിന്നെങ്ങുപോയി?
സാതപമിന്നനി ത്തുകമിഗ്ഗൽഗദം
ഭാരതം പണ്ടേ പൊഴിച്ചതല്ലേ?
അന്നതുകേട്ടിട്ടവഗണിച്ചെന്തിനോ
മുന്നോട്ടു നീ, ഹാ! കുതിച്ചുപാഞ്ഞു.
ഇന്നതു നന്നായറിഞ്ഞുകഴിഞ്ഞ നീ
നിന്നിതാ പിന്നെയും സംഭ്രമിപ്പൂ.

തത്വചിന്താബ്ധിതൻ താഴത്തെത്തട്ടിൽനി-
ന്നുത്തമരത്നങ്ങൾ വാരി വാരി,
അന്നാപ്പിതാമഹർ തന്നിരുന്നില്ലെങ്കി-
ലിന്നയ്യോ! പട്ടിണിതന്നെ നമ്മൾ!

Digitized By Kerala Sahitya Akademi

മാനസത്തിന്റെ വിശപ്പിനുമാത്രമാ-
മാമുനിശ്രേഷ്ഠന്മാർ പിച്ചതെണ്ടി.

അന്നൊരുതത്തയുംകൂടിയൊരത്ഭുത-
ബ്രഹ്മാണ്ഡഗീതമെട്ടുത്തുപാടി.

ആയതിൻമാററൊലിയല്ലല്ലീ, നമ്മളിൽ
പായുന്നതോരോ ഞരമ്പുതോറും!

എന്നിട്ടും കഷ്ടം പരിഷ്കാരഭാവത്തിൽ
നിന്ദിക്കയാണതു നമ്മളിന്നും!!

* * * *

കാലദേശാദിയററുണ്ടെല്ലാററിന്നു,മൊ-
രാലംബകേന്ദ്രമാം ശക്തിയേതോ!

സത്യമതല്ലെങ്കിലക്കനൊരിക്കലൊ-
ന്നത്തരടിക്കിലുദിച്ചുകൂടേ?

കാണാത്തതൊക്കെക്കളവല്ല, കൺമുൻപിൽ
കാണുന്നതെല്ലാം ശരിയുമല്ല.

കൽപ്പാവതൻമുൻപിൽ കൈകൂപ്പിനിൽക്കുവാ-
നൽബോധിപ്പിക്കുവോനല്ലയീ ഞാൻ.

നിന്ദ്യപുരോഹിതർ നിർമ്മിക്കും ദൈവത്തെ
വന്ദിക്കാനല്ലെൻ നവോപദേശം.

ഏതോ നിരഘനിയമപരിധിയി-
ലേകാന്തയാത്ര തുടരുവോർ നാം—

Digitized By Kerala Sahitya Akademi

നശ്വരജീവികൾ നമ്മൾക്കതീതമായ്
വിശ്വത്തിലുണ്ടൊരു നിത്യസത്യം
ആ നിരഘാത്മീയശക്തിതൻ മുന്നിലി-
ന്നാനതമൗലികളാക, നമ്മൾ!!
ഏതോവെളിച്ചത്തിലെന്തിനോ വേണ്ടിവ-
ന്നാവിർഭവിക്കും നിഴലുകൾ നാം—
നമ്മുടെ മാംസചക്ഷുസ്സുകൾക്കപ്പുറം
ചിന്മയജ്യോതിസ്സൊന്നുജ്ജ്വലിപ്പൂ.
ആ നിർമ്മലാത്മീയസ്നേഹത്തിൻമുന്നിലി-
ന്നഞ്ജലിബദ്ധന്മാരാക, നമ്മൾ!!

എന്തിനണഞ്ഞു നാ, മെന്തിനുമാഞ്ഞു നാ-
മെന്തിനീ ലോകത്തിലൊത്തുകൂടി?
എങ്ങുനിന്നീവിധമിങ്ങുവന്നെത്തി നാ-
മെങ്ങോട്ടുപോകയാണെങ്ങുചെല്ലും?
അജ്ഞാതം! അജ്ഞാതം!—അയ്യോ ജഗത്തിതി-
ന്നുത്തരമെന്നിനിച്ചൊല്ലുമാവോ!!

Digitized By Kerala Sahitya Akademi

# ജീവിതസ്വപ്നം

ചതവുപററിയ ജീവന്റെ ഗൽഗദ-
ശ്രുതിയിലും ഹന്ത! താളംപിടിക്കലും—
മനമുരുകിയുതിരുന്ന കണ്ണുനീർ-
ക്കണികകൾകൊണ്ടു ദാഹമടക്കലും—
സ്ഥിതിയിതുതന്നെ പണ്ടു,മിപ്പോഴു,മി-
ക്ഷിതിയിതുവിധം തന്നെയാം മേലിലും!

ഫലരഹിതമാം വാഗ്വാദഘോഷവും
പരിഭവങ്ങളും, പാഴ്കലഹങ്ങളും;
ചതിയു, മീർഷ്യയും, വൻപു, മസൂയയും,
ഹൃദയശ്ശൂന്യമാം പച്ചച്ചിരികളും;
പരപരിഹാസവാഞ്ഛയും, വൈരവും
പരമനീചമായോരഹങ്കാരവും;
—മതി;യിതല്ലല്ലി, സാഭിമാനം സദാ
മഹിപുകഴ്ത്തുന്ന മാനവജീവിതം?
അതു,മതുവെറും പാഴ്ക്കിനാവാണതാ-
ണതിലുമേററം ദയനീയമോർക്കുകിൽ!

ക്ഷീണികതയ്ക്കൊരു പര്യായമാം, ഹിമ-
കണികമാത്രമാണീ ലോകജീവിതം.

Digitized By Kerala Sahitya Akademi

അതിസുശക്തമാമായസഹസ്തവു-
മടിയുമന്ത്യത്തിലാഴക്കുചാമ്പലായ്!

വെറുതെ, യെന്തിനു പിന്നെയീ വ്യർത്ഥമാം
പരിഭവവും, കലഹവും, കോപവും?

അരിയസൗഹാർദ്ദകല്പകച്ഛായയി-
ലണയുകല്ലല്ലി, നമ്മൾക്കൊരുത്സവം?—

കലിതസൗഹൃദം തങ്ങളിൽ തങ്ങളിൽ
കരളുകൈമാറി യാശ്വസിച്ചങ്ങനെ,

സതതമൊന്നിച്ചു തോളോടു തോളുചേർ-
ത്തമരുകല്ലല്ലി, നമ്മൾക്കൊരുത്സവം?—

മരണമെത്തി വിളിക്കുംവരേയ്ക്കു, നാം
മഹിയിലെന്തിനു വേറിട്ടുനിൽക്കണം?

**വെ**റുതെ, മർത്ത്യ, മദിക്കുന്നതെന്തിനാ-
ണൊരുപിടി വെറും പാഴ്മണലല്ലി, നീ?

ഒരുദിനം നിന്റെ കണ്ണൊന്നടയുകി-
ലതുമതി, ലോകം നിന്നെ മറക്കുവാൻ!

ഭുവനശാന്തി ഭജിക്ക നീ; സോദര-
ഹൃദയരക്തം കൊതിക്കാതിരിക്ക നീ!

നിഹത! നീയു, മീഞാനു, മവനുമി-
ന്നൊരുപോലാലംബശൂന്യരാം ജീവികൾ!

Digitized By Kerala Sahitya Akademi

വിധിവിഹിതപ്രവാഹത്തിലൊന്നുപോ-
ലൊഴുകിടും വെറുമോലത്തുരുമ്പുകൾ!

കഴികയില്ല നമുക്കാക്കുമായതി-
ന്നടിയൊഴുക്കിനെതിരിട്ടുനീന്തുവാൻ!

എവിടെയെങ്കിലുമെത്തട്ടെ, യാകയാ-
ലതിനൊരുപോൽ വിധേയരായ്ത്തീരുക!

പരമനിർമ്മലസ്നേഹമേ, നിന്നുടെ
പരിധിയില്ലാത്ത നിർവ്വാണമണ്ഡലം

സുലളിതോജ്ജ്വലം, സുപ്രഭാസങ്കുലം
സുഖദസുന്ദരചിന്താസുരഭിലം! —

മഹിതമാകുമവിടമായീടണം
മഹിയിൽ നമ്മൾതന്നാത്മലീലാങ്കണം.

Digitized By Kerala Sahitya Akademi

# വിശ്രാന്തി.

---

ചുട്ടവെയിലിതു മനുഷ്യഹൃത്തിലെ-
ക്കറിനതയെക്കാളതീവ ശീതളം.
ഇവിടെ, യീമരത്തണൽച്ചുവട്ടിലൊ-
ന്നിനിയൊരിത്തിരി തലചായ്ക്കട്ടെ, ഞാൻ.
വിവശനായൊരെൻ, വിവിധചിന്തയീ
വിജനതയിൽ തെല്ലടങ്ങിയെങ്കിലോ!

കളകളാലാപഗളിതകണ്ഠരായ്
വരികരികിലെൻ കിളിക്കിടാങ്ങളേ!
അസഹ്യമല്ലെനിക്കണുവു, മിപ്പൊഴി
വരണ്ടവായുവിൻ പരുത്തചുംബനം.
പരിസരമെല്ലാം പരുഷമാമോരോ
പരിഭവസ്വരം തിരയടിച്ചിട്ടും
ഹൃദയശൂന്യമാം മണിയറയിലെ-
സ്സുമശയനത്തിൽ കൊതിപ്പതില്ല, ഞാൻ!
തണലുകൾ തിങ്ങിനിറയുമീവെറും
മണലിലീവിധം കിടന്നിട്ടും നേരം
ഒരു പദത്തിനും വഴങ്ങിടാത്തതാ-
മൊരു സമാധാനമനുഭവിപ്പൂ, ഞാൻ.

Digitized By Kerala Sahitya Akademi

വെറുമസൂയയാൽ കരിപിടിച്ചതാ-
മൊരുമുഖവുമില്ലടുത്തൊരേടവും;
പരിഭവമില്ല, പരാതിയുമില്ല;
വിരസതയില്ല; വിലാപവുമില്ല;
വെറും പച്ചച്ചിരിപ്പടപ്പുകളില്ല;
പരപരിഹാസലഹരികളില്ല;
കരാളശാസനാവചനങ്ങളില്ല;
കഠോരമാമോരോ കലഹങ്ങളില്ല,
നിശാന്തരീക്ഷംപോൽ പ്രശാന്തസുന്ദരം
നിഹതജീവി ഞാൻ കിടക്കുമിസ്ഥലം!!

പരമശാന്തി, യെന്നരികിലൂടെ, യൊ-
രരുവിയായ് മന്ദമൊഴുകിടുന്നിതാ!
പരിചൊടായതിൽ പരിസ്ഫുരിച്ചിടും
പരിമൃദുലമാം മധുരമർമ്മരം,
തെരുതെരെയെടുത്തെറികയാണൊരു
പുളകത്തിലേയ്ക്കെൻ പ്രണിതജീവനെ!

പടർന്നപാദപപടലിയിൽ, പാറി-
പ്പറന്നുപാടീടും പതംഗപാളികൾ,
മരിക്കുവോളവും മറക്കാനാകാത്ത
നിരഘതതപങ്ങളെനിക്കു നൽകുന്നു!

Digitized By Kerala Sahitya Akademi

ചലദലാകുലവിലാസിനികളാം
പലപലസുമസുരഭിലാംഗികൾ,
അമിതകൗതുക, മണിയണിയായി-
ന്നലസസുസ്മിതം പൊഴിച്ചിതാ, നിൽപ്പൂ!
ഇനിയെന്തുവേണം, മമ മിഴിയിണ-
യ്ക്കിതിലുപരിയൊരനഘദർശനം!!

അകലെക്കാണുമ, ച്ചെറുഗിരികൾ തൻ
പുറകിൽ നിന്നോരോ വിജനസ്വപ്നംപോൽ,
ലളിതനീലിമപരന്ന വാനിലേ-
യ്ക്കിഴഞ്ഞു കേറുമക്കരിമുകിലുകൾ,
അലസമായ് നോക്കിയിരിക്കയാണെനി-
ക്കവനിയി,ലെന്തു സുഖത്തിലും സുഖം!

അരചനായിടേ,ണ്ടരമനയും വേ-
ണ്ടൊരു കിരീടവും തലയിൽ ചൂടേണ്ട.
മനോജ്ഞസംഗീതമസൃണ,മേകാന്ത-
മഹിതശാന്തിദം, മദീയസങ്കേതം!

മഹാമഹിമകളെഴുന്നൊരീ വിശ്വ-
മഹാകാവ്യം, മുൻപിൽ നിവർത്തിവച്ചിദം,
മനസ്സിലാകാത്ത പലതു, മൊന്നിനി
മനസ്സിലാക്കുവാൻ മുതിർന്നിടട്ടെ, ഞാൻ.

Digitized By Kerala Sahitya Akademi

# ത പ്ത സ്മ ര ണ

---

അനഘമാകുമപ്പൂവനം കാണുവാ-
നിനിയുമെത്ര ഞാൻ പിന്നോട്ടുപോകണം?

പരമനിർമ്മലസ്നേഹസമന്വിത-
സരളലോലവികാരതരളിതം;

വിവിധചിത്രസമാകലശ്രീമയ-
വിജനരംഗമാ മംഗളശൈശവം.

നിഹതനായൊരെൻ, ജീവിതവാടിതൻ
കുസുമകാലമേ! നീയിനിയെത്തുമോ?

തവമനോഹരമന്ദസ്മിതാർദ്രമാം
വദനദർശനം സാദ്ധ്യമല്ലെങ്കിലും,

സ്മരണയെന്നെത്തൊടുക്കുംവരേയ്ക്കു, നി-
ന്നരികിലെന്നും പറന്നെത്തുമെൻമനം!

നവസുഷമകൾ തിങ്ങിത്തുളുമ്പി, യി-
ബ്ഭുവനമന്നെത്രകാമ്യമായ്‌തോന്നിമേ!

പരമശൂന്യമിതെന്നാ, ലിതിലിദ-
മിരുളുവന്നു നിറഞ്ഞതിന്നെങ്ങനെ?

Digitized By Kerala Sahitya Akademi

സഖികളോടു ചേൎന്നാടിയും പാടിയും
സമയമന്നു കഴിച്ചു ഞാൻ സസ്പൃഹം

അപരചിന്തകളില്ലന്നു ഞങ്ങളി-
ലമലകേളികളാടുകയെന്നിയെ.

അമരസൗഖ്യങ്ങളാസ്വാദിച്ചാസ്വാദി-
ച്ചമിതസംതൃപ്തരായുല്ലസിക്കവെ,

ഭരിതവാത്സല്യമന്നാളിലേവനു-
മരുളി ഞങ്ങൾക്കനുഗ്രഹാശംസകൾ!

അപജയത്തിന്നടിത്തറകെട്ടു, മി-
ച്ചപലയൗവനമാശിപ്പതില്ല, ഞാൻ,

മധുരശൈശവം വീണ്ടും ലഭിക്കിലീ
മഹിയിലെന്തിലുംമീതെ ഞാൻ മിന്നുവൻ!

ഇടവിടാതിരുന്നെത്ര ഭജിക്കിലെ-
ന്തിനി വരികയില്ലാവസന്തോത്സവം!

സതതമന്നൊരു കൊച്ചുപൂഞ്ചോലപോൽ
മൃദുലഹാസം പൊഴിച്ചു സുഖിച്ചു, ഞാൻ

ചിറകടിച്ചു ചിലച്ചു ചരിച്ചിട്ടും
കുരുവിപോലെ പറന്നുകളിച്ചു, ഞാൻ;

പരിചിതമല്ലെനിക്കൊരു താപവും
പരവശനല്ല ഞാനൊരുനേരവും,

Digitized By Kerala Sahitya Akademi

കപടമെന്തെന്നറിയാത്ത കാരണം
കവിതയാണെന്നു കാണുന്നതൊക്കെയും,—

ഇനിയതോരോന്നുമോർത്തോർത്തു, തപ്തനായ്
കഴികയല്ലാതെയില്ലൊരുമാർഗ്ഗവും!

മഴമുകിലിൽ മണിമേടതീർക്കുവാൻ
മനമുഴറി മരുവുന്നതിൽപരം,

ഒരു ചെറിയ പൂമ്പാററതൻ പിന്നിലൂ-
ടനുഗമിക്കുന്നതാണെനിക്കുത്സവം!

ചെറുതരംഗച്ചുരുളുകൾ ചിന്നമീ
ഹൃദയഹാരിയാം നൈതലാമ്പൽക്കുളം,

സദയമെന്നെ ക്ഷണിപ്പതുണ്ടിപ്പൊഴും
സലിലകേളിക്കു സാക്ഷ്യം വഹിക്കുവാൻ

പുളകമേകിയില്ലെത്ര, യന്നൊക്കെ, യ-
പ്പുളിനഭൂവിനെൻ കാലടിപ്പാട്ടുകൾ!

അലരണിത്തോപ്പിലിന്നും ലസിപ്പതു-
ണ്ടരിയ ചന്ദനശീതളച്ഛായകൾ,

എവിടെയിന്നു മറഞ്ഞുപോയ്, കഷ്ടം! മ-
ന്നവിടെ വന്നെത്തുമെൻ കൂട്ടുകാരികൾ?

മൃദുലമഞ്ജുളമഞ്ജീരശിഞ്ജിത-
മുഖരിതമാണവിടമന്നൊക്കെയും.

Digitized By Kerala Sahitya Akademi

തകരുകയാണു, വാടിക്കരിഞ്ഞൊരി
ബകുളപുഷ്പങ്ങൾ കാണുമ്പൊ,ളെൻമനം.
അവ പെറുക്കുവാനെന്തു കോലാഹല-
മവിടെ ഞങ്ങൾ നടത്തീല നിത്യവും!

അതുലമായൊരാ,രംഗങ്ങളോർത്തിനി
മതികരഞ്ഞതെൻ മന്ദഹൃദയമേ!

---



Digitized By Kerala Sahitya Akademi

# എന്റെ നിർവൃതി

---

കളകളകോകിലാലാപലോലം
കമനീയകാമദപുഷ്പകാലം;
മധുപാനമത്തമധുപഗീതം
മധുരസുരഭിയാം മന്ദവാതം;
മലർനിരമേളിച്ച മഞ്ജുവാടം
മരതകപ്പച്ച വിരിച്ചപാടം;
വിജനവിലാസലതാനികുഞ്ജം
വിമലവേദാന്തവിചാരപുഞ്ജം;
പരിമളകല്ലോലമൽപമൽപം
പരിചിലിളകീടും പുഷ്പതൽപം;
ലളിതനിർവാണ സുധാതരംഗം
കളിയാട്ടമാർദ്രമാമന്തരംഗം
അരികി,ലാത്മാവിലമൃതസാരം
ചൊരിയും വിശിഷ്ട'തുഷാരഹാരം'
ഇനിവേറൊരുത്സവമെന്തുവേണം?
ഇതുതന്നെയെന്നെന്നും നിന്നിടേണം.

---

Digitized By Kerala Sahitya Akademi

# ഹേമ

---

വനികാംഗനയാം തൻമന്ദഹാസാങ്കുരങ്ങൾ
തനിയേകവന്നവൾ കുമ്പിളിൽ നിറയ്ക്കുന്നു.
അയൽവീട്ടിലെ സഖിയെത്തിടാൻ നേരം വൈകു-
ന്നതിലുണ്ടവൾക്കൽപം താപവുമുൾക്കണ്ഠയും.
കണ്ടേറനാളത്തെത്തിരിച്ചവളെ പ്രതീക്ഷിച്ചു
കൺമണി കൂടക്കൂടെക്കണ്ണയയ്ക്കുന്നു; നോക്കു!
ആർത്തിയാന്നാററിലേയ്ക്കു പോകുവാനായ്, തൻകൂട്ട-
കാത്തുനിന്നീടുമൊരു മാൻകിടാവിനെപ്പോലെ.

തഴുകീ തരുണാർക്കൻ തങ്കരശ്മിയാ,ലെന്നാൽ
മുഴുവൻ മാഞ്ഞിട്ടില്ല മൂടൽമഞ്ഞെല്ലാടവും
തണലും വെയിലുമില്ലെങ്ങുമേ;—സുഖംതരും
തണുവുള്ളൊരു കാററു വീശുന്നുണ്ടിടയ്ക്കിടെ;
ലജ്ജയാൽ മടിച്ചാദ്യമായിത്തൻനാഥൻ വാഴും
മച്ചിലേയ്ക്കൊരു മുഗ്ദ്ധ പോയീടുന്നതുപോലെ.

തോളത്തുനിന്നപ്പപ്പോളിഴിയും നീരാളപ്പൂ-
ഞ്ചേലത്തുമ്പിളം കരവല്ലിയാലൊതുക്കിയും;

Digitized By Kerala Sahitya Akademi

മഞ്ജുളമണിനൂപുരാരവം വീശ്രും‌പടി
കഞ്ജകോമളമായ കാലിണ ചലിപ്പിച്ചും;

സമ്പന്നവസന്തത്തിൻ നൃത്തമണ്ഡപമായ
ചെമ്പനീരലർക്കാവിൽ വാഴുന്ന വിലാസിനി.

നീലക്കാറൊളിച്ചുരുളളകം മേലേചിന്നി
ലോലഫാലകം സ്വേദാംകുരത്താൽ പേർത്തും മിന്നി!

ഉഷസ്സും ലജ്ജിച്ചിട്ടു,ണ്ടോമലിൻ, കണ്ണുഞ്ചിക്കും
സുഷമാമുകുരത്തിൽ, തൻമുഖം നിഴലിക്കെ!

മഞ്ഞുതുള്ളികളേററു കുളുത്തപനീർപ്പൂവിൻ
മഞ്ജിമസവിശേഷമുടലാന്നുപോലെ—

രമ്യമാം മധുവിധുകാലത്തെ സ്വപ്നംപോലെ-
യമ്മലർത്തോപ്പിലതാ ലാലസിക്കുന്നു, പ്രേമ!!

Digitized By Kerala Sahitya Akademi

# ശവകുടീരത്തിന്മേൽ

"ഇതിനകത്തുകിടക്കുന്നതുണ്ടൊരു
ശിഥിലരാഗാർദ്രദുർബലമാനസം.
അതുപലപ്പൊഴും മന്ത്രിച്ചു:—'നിർമ്മല-
പ്രണയശൂന്യമീ ലോകം തമോമയം!
ഇവിടെയില്ല വെളിച്ചം, മലിനമാ-
മിവിടെയില്ല സഹതാപമർമ്മരം!'
അതിനുവേണ്ടിക്കരഞ്ഞു കരഞ്ഞൊരു
കണികപോലും ലഭിച്ചിടാതാകുലം,
പരമഘോരനിരാശയിലെപ്പൊഴു-
മെരിപൊരിക്കൊണ്ടടിഞ്ഞതാണാ മനം.
പഥിക! നീയൊരു കണ്ണുനീർത്തുള്ളിയീ-
മഥിതചിത്തത്തിനായുതിർക്കേണമേ!
അതു സമാശ്വസിക്കട്ടെ തെല്ലെങ്കില-
മിവിടെ വന്നൊന്നിരുന്നിട്ടു പോക,നീ!"

Digitized By Kerala Sahitya Akademi

# ഏകാന്തതയിൽ

I

പലപലവല്ലികൾ പൂത്തുപൂത്തു
പരിമളംതങ്ങിയ പൂനിലാവിൽ;
ഒരുകൊച്ചരുവിതൻതീരഭൂവി-
ലൊരുനല്ല നീലശിലാതലത്തിൽ
തിരകളിളക്കുന്ന ചിന്തകളാൽ
തരളിതചിത്തനായ് ഞാനിരിപ്പൂ!

II

സുഖദസുഷുപ്തി പകർന്നുനൽകും
സുരസുധാസ്വാദനലോലുപരായ്,
മതിമറന്നാനന്ദതുന്ദിലരായ്
മരുവുന്നു മാലോകരാകമാനം
പരിമിതമാമൊരു ശാന്തതയെൻ
പരിസരമെല്ലാം നിറഞ്ഞുകാൺമൂ.

III

ഇളകുമിലകൾക്കിടയിലൂടെ-
ത്തെളുതെളെച്ചോരുന്ന ചന്ദ്രികയാൽ,
നിഴലും വെളിച്ചവുമൊത്തുചേർന്നു
നിറയുമീ രമ്യനിശീഥരംഗം,

Digitized By Kerala Sahitya Akademi

അലിയിക്കയാണെന്നെ മന്ദമന്ദ-
മനുപമാനന്ദസരസ്സിലൊന്നിൽ.

IV

വരിചിലൊരേകാന്തസ്വപ്നം പോലാ-
യരുവിയെൻ മുന്നിലൊലിച്ചിടുന്നു.
വളർവെള്ളിമേഘങ്ങളങ്ങുമിങ്ങു-
മലയുന്ന നിർമ്മലനീലവാനിൽ,
വിലസുന്നു സുന്ദരതാരകളാ-
യനുരാഗചിന്തതന്നങ്കുരങ്ങൾ.

V

അകതാരിൽ വന്നു തുളുമ്പുമേതോ
പരമാനന്ദത്തിലെപ്പാതിയോളം
ഒരു നീണ്ടനേരിയ ഗാനമായി-
പ്പുതവും സ്വരത്തിൽ പകന്നശേഷം,
അകലെയാപ്പാതിരാപ്പക്ഷിപോലും
ചിറകുമൊതുക്കിയുറക്കമായി!

VI

അവിടെയക്ഷേത്രത്തിൻമുന്നിൽ നിൽക്കു-
മരയാലിൻകൊമ്പത്തു മാറി മാറി,
തുരുതുരെത്തുങ്ങിപ്പിടഞ്ഞു, ക്രുകി-
ച്ചിറകടിച്ചാർത്തു പറന്നു പാറി.

Digitized By Kerala Sahitya Akademi

സമയം കഴിപ്പൂ, സരസമായി-
ട്ടമിത കൗതുഹലമാവലുകൾ.

## VII

ഇവയോരോന്നായി ഞാൻ നോക്കിനോക്കി-
യവികലാനന്ദമനുഭവിപ്പൂ.
അരികിലെന്നാൽ കഷ്ട! മാരുമില്ലെൻ
ഹൃദയോൽസവത്തിനു സാക്ഷിനിൽക്കാൻ
ഉലകിടമെല്ലാമുറക്കമായി
തരുനിരപോലുമനങ്ങാതായി.

## VIII

ഇവിടെയീ ഞാൻമാത്രമേകനായി-
ട്ടിതുവിധം നിന്നിദ്രനായിരിപ്പൂ.
സകലചരാചരമൊന്നുപോലി-
സ്സമുദിതശാന്തിയിൽ പങ്കുകൊൾകെ,
നിഹതനാമെന്നെയതിങ്കൽനിന്നു-
മകലത്തുനിർത്തുന്ന ശക്തിയേതോ?

---

Digitized By Kerala Sahitya Akademi

# അനുഭൂതി

വാച്ചിലച്ചാർത്തിൻപഴുതിങ്കലൂടതാ, കാൺമൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ.

ഇത്തരം സൗന്ദര്യം ഞാൻ നുകരാൻതുടങ്ങിയി-
ട്ടെത്രകാലമാ, യെന്നാലിനിയും തീർന്നില്ലല്ലോ!

ഓരോരോ ദിവസവുമത്യനർഘമായിട്ടും
ചാരിമയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു.

അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ, നമ്മ-
ളെല്ലാരു, മിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!

വൂവ്ടിങ്ങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി-
പ്പൂവിനെച്ചിരിപ്പിച്ചുവന്നെത്തും പുലരിയും,

മുല്ലമൊട്ടുകൾവാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും;

വാനിലുല്ലസിച്ചിടും വാർമതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും —

എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
ളെളന്തും, ഹാ, ജീവിതത്തെ മധുരിപ്പിച്ചീടുന്നു!

Digitized By Kerala Sahitya Akademi

കുളിർത്തമണിത്തെന്നൽ സൗരഭോന്മോദം പൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവെ!

അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-
ത്തൻതിരകളാൽ താളം പിടിച്ചു പാടിപ്പാടി,

പാറക്കെട്ടുകൾതോറും പളുങ്കുമണിചിന്നി-
യാരണ്യപൂഞ്ചോലകളുമന്ദമൊഴുകവേ;

മരന്ദംതുളുമ്പുന്ന മലരിൻ ചുററുംകൂടി-
മുരളും തേനീച്ചകൾ പറന്നുകളിക്കവെ;

വല്ലികാനടികൾ നൽപല്ലവാകുലമായ
ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവെ;

അറിയാതവരോടുകൂടി നമ്മളു, മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.

ഈവിധം മനോഹരവസ്തുക്കളെല്ലാം, നമ്മെ-
"ജ്ജീവിക്കു, ജീവിക്കു"കെ,ന്നുൽബോധിപ്പിപ്പൂ നിത്യം.

"നുകരൂ, നുകരൂ, മൽ സൗന്ദര്യം!" —നമ്മോ,ടിളം
മുകുളം വികസിച്ചു നെടുവീർപ്പിട്ടോതുന്നു.

ജീവിതലഘുകാവ്യത്തിൻപകർപ്പവകാശം
കേവലം 'മരണ'ത്തിനല്ലതാണെങ്കിലാട്ടെ

Digitized By Kerala Sahitya Akademi

നിത്യസുന്ദരമാകും, സ്നേഹഗീതിയാലതു
നിസ്തുലമാക്കിത്തീക്കാനാവുകി,ലതേ കാമ്യം!

സായാഹ്നരാഗംപോലെ സവ്വം തേയാം മായാം
പോയാലോ പോയി; പിന്നെയൊന്നുമില്ലെല്ലാം ശൂന്യം!
ഇന്നുനാമുള്ളോ,രില്ലാത്തവരായ് തീൎന്നീടേണം
പിന്നാലെ വരുന്നോക്കൊരന്ധാന്വേഷണത്തിനായ്.

ഇന്നലെ, തേങ്ങിത്തേങ്ങിയെന്തിനോ കരഞ്ഞുഞാ—
നിന്നിനിച്ചിരിക്കട്ടെ;—നാളെ ഞാനൊഴിഞ്ഞേയ്ക്കാം!

Digitized By Kerala Sahitya Akademi

# സങ്കേതം

അല്ലെങ്കിൽവേണ്ട;—ഞാനെന്നുമെന്നു-
മല്ലലിൽത്തന്നെ കഴിച്ചുകൊള്ളാം.

ലോകവും ഞാനുമായുള്ള ബന്ധ-
മാസന്നഭാവിയിൽ നഷ്ടമായാൽ,

ആലംബമില്ലാത്തോരെന്നെയോർത്ത-
ന്നാരുമൊരാളും കരഞ്ഞിടേണ്ട.

എന്നന്ത്യവിശ്രമരംഗമാരും
പൊന്നലർകൊണ്ടു പൊതിഞ്ഞിടേണ്ട.

മാനവപാദസമ്പർക്കമേററ
കാനനാന്തത്തിങ്കൽ വല്ലിടത്തും,

തിങ്ങിടും പച്ചപ്പടർപ്പിനുള്ളിൽ
നിങ്ങളെൻ കല്ലറ തീർക്കുമെങ്കിൽ,

ഞാനെൻവിഫലമാ മാശകളൊ-
ത്താവനാന്തത്തിലടിഞ്ഞുകൊള്ളാം!!

Digitized By Kerala Sahitya Akademi

# ശൂന്യതയിൽ

---

ഘോരഘോരനിരാശയിൽ തന്നെ, യെൻ
ജീവനാളം വരണ്ടുവരണ്ടു ഞാൻ,
എത്രനാളിനിപ്പോകണമീവിധം
ചിൽപ്രകാശമേ! നിന്നടുത്തെത്തുവാൻ?
ഞാനൊരു ശിശു; നിന്നെയെങ്ങാനു, മെൻ
ചാപലത്താലനാദരിച്ചെങ്കിലോ!

അന്ധകാരമായ്;—എൻമുന്നിലൊക്കെയു-
മന്തമററ കൊട്ടുമണൽക്കാട്ടുകൾ.
കയ്യിലില്ലൊരുമൺവിളക്കെങ്കിലും
വയ്യവയ്യെനിക്കേകാന്തഭീരു ഞാൻ.
ആത്തവേദനം ഞാൻ പൊഴിച്ചിട്ടു,മെ-
ന്നാത്മരോദനമാരുണ്ടു കേൾക്കുവാൻ?

നിന്നനിൽപ്പിലിതാ പതിക്കുന്നു ഞാ-
നൊന്നുവന്നെന്നെത്താങ്ങു; വെളിച്ചമേ!!

---

Digitized By Kerala Sahitya Akademi

# വിസ്മൃതി

---

ആയിരം രാഗാർദ്രമാനസങ്ങ-
ളാഴക്ക ചാമ്പലായ് മാറിയാലും,

ആദിത്യൻ നാളെയും വന്നുദിക്കും
ആനന്ദം വീണ്ടും തിരയടിക്കും!

ഇന്നോളമെത്രയോ പിഞ്ചുപൂക്കൾ
മണ്ണായി മണ്ണിലടിഞ്ഞുപോയി?

ഇന്നോളമെത്രവസന്തമാസം
കണ്ണീരിൽ മുങ്ങി മറഞ്ഞുപോയി?

കോകിലമെന്നിട്ടും പാടുന്നില്ലേ?
കോരകം വീണ്ടും വിരിയുന്നില്ലേ?

വിസ്മൃതി! വിസ്മൃതി!—സർവ്വുമാ-
നിശ്ശൂന്യഗർത്തത്തിൽ താണുപോണം

ദീനഹൃദയനായ് ചെന്നൊരുനാൾ
ഞാനതിൽ താഴുമ്പോളാരുകേഴും?

---

Digitized By Kerala Sahitya Akademi

# പ്രഭാതബാഷ്പം

ഉലകിനെച്ചുംബിച്ചുണത്തും...വിണ്ണിൻ
മഹനീയതേജോവിലാസം.
മമ നയനങ്ങളിൽ മന്ദം...കുളിർ-
മഴവില്ലിൻചാരുതളിച്ചു.
സുഖദസുഷുപ്തിയിൽ നിന്നെൻ...ജീവൻ
സുരപഥത്തോളമുയന്നു.

ഉദയപ്രഭയിൽ കുളിച്ചു...മന്നി-
ടലാകെക്കോരിത്തരിച്ചു.
പറവകൾ പാടിപ്പറന്നു...പുഷ്പ-
പരിമളമെങ്ങും പരന്നു.
പുലർകാലപ്പൂന്തെന്നൽവീശി...പ്പിഞ്ചു-
മലരണിവല്ലികളാടി.
ഇളവെയിലേററുസുഖിച്ചു...ചിത്ര-
ശലഭങ്ങൾ പാറിക്കളിച്ചു
ഒളിചിന്നും പൂക്കളെപ്പുൽകി...പ്പുൽകി-
യളികുലമങ്ങിങ്ങിളകി

* * *

Digitized By Kerala Sahitya Akademi

അവികലാനന്ദതരംഗ...സംഗ-
മവനിയിലെങ്ങും ഞാൻ കാൺമൂ.
ഹിമകണവൈഡൂര്യമാല്യം...പിഞ്ചു-
തൃണരാജിക്കേകമിക്കാല്യം.
അതിദിവ്യനവ്യചൈതന്യം...ഒന്നി-
ക്ഷിതിയിങ്കലെങ്ങും പൊഴിപ്പൂ.
എവിടെയുമാനന്ദനൃത്തം...മന്നി-
ലെതിനുമൊരുന്മേഷഭാവം.
ഹതനായി ഞാൻമാത്രമല്ലേ?...എൻെറ
ഹൃദയം തകരുകയല്ലേ?
മിഴിനീരിൽ മുങ്ങി ഞാനെന്നും...ഏവം
കഴിയണമെന്നാണോ യോഗം?
ഇനിയുമിതെത്രനാൾ താങ്ങും...തീരെ-
സ്സഹിയാനാകാത്തൊരിത്താപം?
സതതം സമാധാനമൂകം...അയ്യോ!
സഹതാപശൂന്യമീ ലോകം!!

* * *

കവനസപത്നരൂപിണി, നീയും...കഷ്ടം!
നിഹതനാമെന്നെ മറന്നോ?
വെറുമൊരു സുസ്മിതം മാത്രം...എന്നിൽ
ചൊരിയുകിൽ ഞാൻ ചരിതാർത്ഥൻ

Digitized By Kerala Sahitya Akademi

ഒരുപക്ഷേ, ഞാനതുമൂലം...ഒരു
പൊലിയാത്ത താരമായ്ത്തീരാം.

മമജീവനാളം ക്ഷണത്തിൽ...ഒരു
മധുരസംഗീതമായ് മാറാം.

കമനീയസ്വപ്നമേ! ഞാനും...നിൻെറ-
കമിതാക്കന്മാരിലൊന്നല്ലേ?

അനുനയലോലനാമെന്നിൽ...നിന-
ക്കനുകമ്പയില്ലാത്തതെന്തേ?

കപടതമാത്രം നിറഞ്ഞി...ട്ടമി-
ബ്ഭുവനമെനിക്കു മുഷിഞ്ഞു.

ഇവിടെനിന്നിക്ഷണമയ്യോ!...ഞാനി-
ന്നെവിടെയൊന്നോടിയൊളിക്കും?

* * *

വല്ലപല്ചിന്തകളെന്നും...ഉള്ളിൽ
അലതല്ലിപ്പൊങ്ങുന്നനേരം,

തലചായ്ക്കുവാനെൻതണലും...ദേവി!
തവമടിത്തട്ടായിരുന്നു.

അതുമിനി ലഭ്യമല്ലെങ്കിൽ...പിന്നി-
ക്ഷിതിയിലെനിക്കെന്തു ഭാഗ്യം?

അതിശുഷ്കം ജീവിതപത്രം...എനി-
ക്കതുകൊണ്ടിനിയെന്തുകാര്യം?



Digitized By Kerala Sahitya Akademi

പരമാൎത്ഥസ്നേഹമിപ്പാരിൽ...ഇത്ര-
വിരളമാണെന്നാരറിഞ്ഞു?
അതിലൊരുതുള്ളിക്കായെത്ര...കാലം
സതതമെന്നാത്മാവെരിഞ്ഞു?
ഒരുഫലമില്ലാതൊട്ടുവിൽ...ഞാനി-
ക്കൊടിയ നിരാശയിൽ നില്പൂ!
ഇവിടെയെല്ലാടമിരുട്ടാ...ണയ്യോ!
എവിടെ,യെവിടെ, വെളിച്ചം?—

*　　　　*　　　　*

മയിലുകൾ ചാഞ്ചാടിയാട്ടം...നീല-
ക്കുയിലുകൾ പഞ്ചമം പാട്ടും;
തരുനിരപൂത്തും തളിൎത്തും...നിന്നു
സുരഭിലമൎമ്മരം തൂകും;
ക്ഷിതിയിങ്കലെന്തിനും മോദ...പൂരം
മതിയിൽ നിറഞ്ഞു തുളുമ്പും;
ഇതുമട്ടാണെന്നാലുമെന്നും...ഒരു
ഹൃദയമിരുന്നു കരയും!! —

Digitized By Kerala Sahitya Akademi

# ആ രംഗം

സ്മരണയിലനവധി മധുരചിത്രം
മാനസനേത്രങ്ങളിന്നും കാൺമൂ...
മതിമോദമണായ്ക്കുമാറൊരിക്കലെന്നാൾ
മാവുകൾപൂത്തുമണംപരന്നു.
മധുകരകലഗീതമുഖരിതമായ്
മാമരത്തോപ്പുകളാകമാനം.
പരഭൃതതതിയതിമുദിതരായി-
പ്പാടിപ്പറക്കയായങ്ങുമിങ്ങും!

ഒരുകുളിർ ബകുളത്തിൻ തണലിൽ ഞങ്ങൾ
ഓടക്കുഴലൂതിയുല്ലസിച്ചു.
പല ചിത്രശലഭങ്ങൾ പരിവേഷംപോൽ
പാറിക്കളിച്ചു തലയ്ക്കുചുററും
ദിനകരമൃദുകരങ്ങൊറിയുലയെ-
പ്പൂങ്കുലതെന്നലിലൂഞ്ഞാലാടി.
കരവകതരുനിരതലകുലുക്കി-
ക്കുകും കുരുവികൾക്കുള്ളുണർത്തി.

കൗതുകദമിവനോക്കിക്കരൾകുളുർത്തൻ
കൂട്ടുകാരൻ തിരിഞ്ഞെന്നോടോതി:—
"കുസുമേ! നാമിതുവിധം, മരിക്കുവോളം
കൂട്ടുകാരായിക്കഴിഞ്ഞുവെങ്കിൽ!!......"

Digitized By Kerala Sahitya Akademi

# അടുത്ത പ്രഭാതം

കാണുന്നതെന്താണെൻ ചുററു?—മയ്യോ!
പ്രേമനിശ്ശൂന്യമാമന്തരീക്ഷം!
ഈ വിഷവായുവേററെത്രനേരം
ജീവചൈതന്യമേ! നീയിരിക്കും?

പുഞ്ചിരികൊണ്ടു പൊതിഞ്ഞവക്ത്രം
വഞ്ചനകൊണ്ടു നിറഞ്ഞചിത്തം
ഭിന്ന'വർണ്ണ'ങ്ങളിലിപ്രകാര-
മൊന്നിനുംകൊള്ളാത്ത മർത്ത്യചിത്രം,
എണ്ണമില്ലാതെന്നുമേററുവാങ്ങാ-
നെന്തു സന്നദ്ധമീ വിശപ്രഹസ്തം!

കഷ്ടം! "പുരോഗതി"യെന്നിതിനെ
മിത്ഥ്യാഭിമാനമേ! നീ വിളിപ്പൂ!
എത്ര വിദൂരസ്ഥമാണു പാർത്താൽ
സത്യം!— ഇന്നയ്യോ, നീയെന്തറിഞ്ഞു?

മണ്ണിലും വിണ്ണിൻ വിശുദ്ധിചേർക്കും
കണ്ണീരൊഴുകും കവിൾത്തടങ്ങൾ—
പട്ടുറുമാലുകളൊന്നുപോലും
തൊട്ടുനോക്കാത്ത കവിൾത്തടങ്ങൾ—
പാടത്തെച്ചൂട്ടിൽ വിയർത്തൊലിച്ചു
വാടിത്തളൎന്ന കവിൾത്തടങ്ങൾ—

Digitized By Kerala Sahitya Akademi

വാരിവിതറുമവയിലെന്നും
ഞാനെൻെറ സങ്കല്പചുംബനങ്ങൾ!

ഹാ! വിത്തവല്ലരി വേരുറയ്ക്കാൻ
പാവങ്ങൾ തൂകുമിക്കണ്ണുനീരിൽ,
ഞാനെൻെറ ശോകവിവർണ്ണമാകും
മാനസസൂനം തെളിഞ്ഞുകാൺമൂ.
ലോകസിംഹാസനമൊത്തുതാങ്ങും
സാധുഗളങ്ങൾതൻ ഗൽഗദത്തിൽ,
ഞാനിത്രനാളും തിരഞ്ഞിരുന്ന
ഗാനശകലം തെളിഞ്ഞുകേൾപ്പൂ.
ആയതിനോടൊത്തു പാടാനാണെ-
ന്നാന്തരാത്മാവിനുള്ളഭ്യസനം!

ക്ഷുത്തിൻ ദയനീയദീനനാദം
വിത്തത്തിൻഘോരമാമട്ടഹാസം
ഈ രണ്ടും നിങ്ങിയിട്ടാർദ്രമാകും
ചാരുസംഗീതമുയരുമെങ്കിൽ—
അന്നതുകേൾക്കുവാനീവിധം ഞാൻ
പിന്നെയും വന്നു ജനിക്കുമെങ്കിൽ—
അന്നു ഞാൻ ലോകമേ! നിന്നെനോക്കി
"വന്ദ്യ നീ!"യെന്നു നമിച്ചുചൊല്ലാം.
സുന്ദരമാരംഗമെത്തുവോളം
നിന്ദിതതന്നെ നീയെന്തുകൊണ്ടും.

Digitized By Kerala Sahitya Akademi

# പ്രതീക്ഷ

കരിമുകിൽ മാലമൂടിയവാനിലെൻ
കനകതാരയെക്കാത്തിരിക്കുന്നു ഞാൻ;
മധുരഗാനം മറന്ന മുരളി,യെൻ
മടിയിലയ്യോ! കിടക്കുന്നു മൂകമായ്;
ക്ഷണികകാന്തിപൊഴിഞ്ഞു പൊലിഞ്ഞിതെൻ
മണിവിളക്കിലെ സ്വപ്നദീപാങ്കുരം.

കലിതഗൽഗദമാമൊരുദാരുണ-
കദനസന്ദേശമേകിയേകി സ്വയം
ഇരുളിലേകാന്തബാഷ്പാഭിഷിക്തമാം
നിമിഷകങ്ങളെ യാത്രയാക്കുന്നു, ഞാൻ!
വ്രണിതജീവൻ പിടഞ്ഞുണർന്നാരെയോ
വിജനഭീരുവായ് ചോദിപ്പൂ—പിന്നെയും:—

"എവിടെ?—യെന്നെവിളിപ്പതാ,രെങ്ങു നീ?
വരികനേരെയെൻജീവിതാനന്ദമേ!!"



Digitized By Kerala Sahitya Akademi

# ടിപ്പണി.

## 1. തുഷാരഗീതി

തുഷാരം=മഞ്ഞു്. (ഇവിടെ മഞ്ഞുതുള്ളിയെന്നു സങ്കല്പം) ഗീതി=പാട്ടു്. സവിതാവു്=സൂൎയ്യൻ. നിൎമ്മലം=പരിശുദ്ധം. ഭാഗധേയം=ഭാഗ്യം (സുകൃതം) കാരുണ്യാതിശയം=കാരുണ്യത്തിന്റെ ഉച്ചസ്ഥിതി (അതിരററ കാരുണ്യം) തേജോമണ്ഡലം=പ്രകാശം വ്യാപരിച്ചുകൊണ്ടിരിക്കുന്ന ഒരധിഷ്ഠാനവസ്തു. ക്ഷണികത=വേഗത്തിൽ നശിച്ചുപോകുന്ന അവസ്ഥ. (ഇവിടെ ക്ഷണത്തിൽ നശിക്കുന്ന ഒരവസ്ഥ എന്നൎത്ഥം) നാനാതാപങ്ങൾ=വിവിധവസ്തുക്കൾ. നാകം=സ്വൎഗ്ഗം. (ഇവിടെ ആകാശം) സീമ=അതിരു്. (ചക്രവാളം ഭൂമിക്കും ആകാശത്തിനും മദ്ധ്യേ ഒരതിരിട്ടിരിക്കുന്നതുപോലെ കാണപ്പെടുന്നു.) നിത്യം=എന്നെന്നും നിലനില്ക്കുന്നതു്. നിസ്തുലം=തുലനംചെയ്യാനാകാത്തതു്. സത്വരം=വേഗം. രാഗമൂക=സ്നേഹഭാരത്താൽ ശബ്ദം വരാത്തവൾ. (സ്നേഹത്തിന്റെ പാരമ്യത്തിൽ—ഹൃദയം വികാരഭരിതമായിത്തീരുമ്പോൾ, സംസാരശക്തി പരാജയപ്പെടുന്നതു സ്വാഭാവികം. ബൈറൺ എന്ന ആംഗലേയകവി പറയുന്നു: "words fail when heart is full" എന്നു്.) മൂൎച്ഛിക്ക=മോഹാലസ്യപ്പെടുക. ജനി=ജനനം (ജന്മം.) കൎമ്മസാക്ഷി=സൂൎയ്യൻ. നൎമ്മസല്ലാപം=വിനോദസംഭാഷണം. നിഗൂഢം=രഹസ്യമായിട്ടുള്ളതു്. തമോലീനം=ഇരുളിൽ ലയിച്ചതു്. അവനീദേവി=ഭൂമിദേവി. നിത്യമൂക=എന്നും മൂകയായിരിക്കുന്നവൾ. (ഭൂമിദേവിക്കു സദാ ആനന്ദതുന്ദിലമായ ഒരു ഹൃദയമാണുള്ളതു്. അതിനാൽ അവൾ ഒരവസാനമില്ലാത്ത പുളകത്തിനു വിധേയയായിത്തീൎന്നിരിക്കുന്നു. അപ്രകാരമുള്ള വികാരപാരവശ്യം നിമിത്തമാണു് അവൾ നിത്യമൂകയായിരിക്കുന്നതെന്നു സങ്കല്പം ) പരിപാവന=പരിശുദ്ധ ജനനി=അമ്മ. മൎമ്മരാരവം=മൎമ്മരശബ്ദം. പരിധി=അതിൎത്തി. അലഘുപ്രഭ=അളവററശോഭ. അംശു=രശ്മി രാഗചുംബി=സ്നേഹത്തെ ചുംബിച്ചുകൊണ്ടിരിക്കുന്നതു് (സ്നേഹത്തിലെത്തിച്ചേൎന്നതു്.) മദീയം=എന്റേതു്. വിരമിക്ക=പിൻവാങ്ങുക.

ഒരു മഞ്ഞുതുള്ളി സൂൎയ്യഭഗവാനോടു സംസാരിക്കുന്നതാണു്, ഈ കാവ്യത്തിന്റെ വിഷയം. നിസ്സാരമായ ഒരു മഞ്ഞുതുള്ളിയെപ്പോലും കരുണാനിധിയായ കൎമ്മസാക്ഷി അനുഗ്രഹിക്കാതിരിക്കുന്നില്ല. അദ്ദേഹത്തിന്റെ ഒരു ചെറുകിരണം ആ നിസ്സാരവസ്തുവിനു് അഭിരാമമായ ആകാരവൈശിഷ്ട്യം പ്രദാനം ചെയ്കയും അതിന്റെ ക്ഷണികജീവിതം അനുഗൃഹീതമാക്കുകയും ചെയ്യുന്നു. ത്യാഗോന്മുഖമായ മഞ്ഞുതുള്ളി ചാരിതാൎത്ഥ്യവായ്പോടും കൃതജ്ഞതയോടുംകൂടി വിരമിക്കുന്നു.

## 2. ആ പൂമാല.

ആരാമം=പൂന്തോട്ടം, രോമാഞ്ചം=പുളകം. അപ്രമേയം=എതിരില്ലാത്തതു് (വിവാദത്തിനു വിഷയമല്ലാത്തതു്.) വിലാസലോല=സൌന്ദൎയ്യത്തിൽ മുഴുകിയവൾ. സുസ്മിതം=പുഞ്ചിരി. ഒളി=ശോഭ. മന്ദചേഷ്ടനായി=ആലസ്യത്താൽ അനങ്ങാത്തവനായി. അങ്കണം=മുററം. മുഗ്ദ്ധം=മനോഹരം.

Digitized By Kerala Sahitya Akademi

കന്ദളം=കൂമ്പ്, മുള. (ഇവിടെ ശകലം എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു. ഈ സംഗീതകന്ദളം ഒരു ഗാനത്തിന്റെ പല്ലവിയാണെന്നു സങ്കല്പം.) പച്ച......മാണിക്യക്കല്ലുകൾ=പുൽക്കൊടിത്തുമ്പത്തുള്ള മഞ്ഞുതുള്ളികൾ സൂര്യരശ്മികളേറ്റ് മാണിക്യക്കല്ലുകളെന്നോണം മിന്നിത്തിളങ്ങുന്നു. കല്ലോലം=തിരമാല. (പ്രസ്തുത മാണിക്യക്കല്ലുകൾ അതീവ സുന്ദരങ്ങളെങ്കിലും കവിയുടെ ഹൃദയം കവരുവാൻ ശക്തങ്ങളാകുന്നില്ല. അഥവാ, ഹൃദയം ഉണ്ടെങ്കിലല്ലേ കവരുവാൻ കഴികയുള്ളൂ. ഹൃദയം നഷ്ടപ്പെട്ടുപോയി? എങ്ങനെ? ആ മനോജ്ഞഗാനാമൃതത്തിന്റെ ചെറുതിരകളിൽ അലിഞ്ഞുപോയി; അതായത് കവിഹൃദയം ആ പാട്ടിൽ അത്രമാത്രം ലയിച്ചു എന്നു താല്പര്യം) മാനസോല്ലാസദായിക=മനസ്സിന് ഉല്ലാസം (സുഖം) തരുന്നവൾ. നുകരുക=കുടിക്കുക. (ഇവിടെ ആസ്വദിക്കുക) പീയൂഷം=അമൃതം (ആ മധുരഗാനം.) തെന്നൽ=ഇളങ്കാറ്റ്. മുകുളം=പൂമൊട്ട്. വാസന്തശ്രീ=വസന്തകാലശോഭ. (ഇവിടെ പൂക്കൾ എന്ന് ആശയം) മലീമസം=മലിനം (അശുദ്ധം. പൂതം=പരിശുദ്ധം. (ദുഷിച്ച മനഃസ്ഥിതിയുള്ളവർപോലും ആ കുമാരിയുടെ മുഖം കാണുന്ന മാത്രയിൽ സന്മനസ്കരായി രൂപാന്തരപ്പെടുമത്രേ. അത്രമാത്രം പരിപാവനമായ ഒരു ദിവ്യസൗന്ദര്യമാണ് ആ മുഖത്തു കളിയാടുന്നത്. അതെ, ദിവ്യമായ സൗന്ദര്യത്തിനു തീർച്ചയായും അങ്ങനെയൊരു ശക്തിയുണ്ട് അത് എന്നെന്നേയ്ക്കും ഒരാനന്ദവുമായിരിക്കും. സൗന്ദര്യത്തെക്കുറിച്ചു കീറ്റ്സ് എന്ന ആംഗലമഹാകവി പറയുന്നു; "A thing of Beauty is a Joy for ever" എന്ന്. അദ്ദേഹം തന്നെ മറ്റൊരിടത്ത് "Beauty is Truth and Truth, Beauty' എന്നും പറയുന്നുണ്ട്; (അതായത് സൗന്ദര്യംതന്നെ സത്യം; സത്യംതന്നെ സൗന്ദര്യം) രാജിക്ക=വിലസുക. പേശലം=ഭംഗിയുള്ളത്. പല്ലവം=തളിര്. ലോലം=മൃദുലം. (നേരിയത്, ഘനമില്ലാത്തത്.) അളകങ്ങൾ=കുറുനിരകൾ. ഫാലകം=ഫാലം (നെറ്റി.) അംശുകാഞ്ചലം=വസ്ത്രത്തുമ്പ്. താരെതിരടൽ=പൂവിനോടെതിരായിട്ടുള്ള (അത്ര മൃദുലകോമളമായ) ശരീരം. കുന്ദകോരകം=മുല്ലമൊട്ട്. ചേല്=അഴക്. അന്തരീക്ഷാന്തരം=ആകാശം. ഭാനുമാൻ=സൂര്യൻ. ആനതാനന=നമിക്കപ്പെട്ട മുഖത്തോടുകൂടിയവൾ (തലകുനിച്ചവൾ.) സ്വീയം=തന്റേതായിട്ടുള്ള സ്മിതം=പുഞ്ചിരി. അശ്രു=കണ്ണുനീർ. ബിന്ദു=തുള്ളി. നിർഗ്ഗളിച്ചു=ഒഴുകി (പൊട്ടിപ്പുറപ്പെട്ടു.) ഇദം=ഇപ്രകാരം. മുരളി=ഓടക്കുഴൽ.

അതിസുന്ദരിയും കൗമാരം കടന്നിട്ടില്ലാത്തവളുമായ ഒരു ബാലിക ഒരു പൂമാലയുംകൊണ്ടു രാജവീഥിതോറും നടക്കുന്നു. ധനാഢ്യന്മാർ അവരുടെ കാഞ്ചനനാണ്യങ്ങളും ചൊരിഞ്ഞുകൊണ്ട് അതു വാങ്ങാനെത്തി. അവൾ കൊടുത്തില്ല. ഒടുവിൽ ഒരുകാട്ടിലെ മരച്ചുവട്ടിൽ വിശ്രമിക്കുന്ന ഒരാട്ടിടയന് അവൾ അതു സ്വയം സമ്മാനിക്കുന്നു. അതിനു പ്രതിഫലമായി അവൾ അവന്റെ ഓടക്കുഴലിൽനിന്നൊരു ഗാനശകലം മാത്രമേ ആവശ്യപ്പെടുന്നുള്ളൂ. അവളുടെ സ്വഭാവശുദ്ധിയാകുന്ന ആ മനോഹരമലർമാല്യം തങ്കനാണയങ്ങൾക്കു വിൽക്കപ്പെടാവുന്ന ഒന്നല്ല. അതിനർഹതയുള്ളതു നിഷ്കളങ്കവും, സ്വാഭാവികവുമായ ആ സ്നേഹത്തിനുമാത്രമാണ്.

Digitized By Kerala Sahitya Akademi

## 3. വിനീതവാഞ്ഛിതം

മരതകാഭ=മരതകക്കല്ലിന്റെ ശോഭ. (പച്ചനിറം) തൃണസമാകുലം=പുല്ലുനിറഞ്ഞതു്. മട്ട...വല്ലികൾ=മനോഹരമായ പുഷ്പങ്ങൾ വഹിച്ചു നിൽക്കുന്ന ചെടികൾ. മലയ...ഛായ=ശുചിയായിട്ടുള്ളതും തണുപ്പേഴുന്നതുമായ ചന്ദനത്തണൽ. കലിതകൗതുകം=സന്തോഷത്തോടുകൂടി. വിജനത=ഏകാന്തത. മുരളി...ലഹരി=ഓടക്കുഴലിൽനിന്നു നിർഗ്ഗളിക്കുന്ന ആനന്ദമയമായ സംഗീതധോരണിയാസ്വദിച്ചുണ്ടാകുന്ന അവർണ്ണനീയമായ ഒരനുഭൂതി. ഉദയകൗതുകം=പുലർകാലത്തിന്റെ അഴകു്. മുകുളമുഗ്ദ്ധാംഗിമാർ=പൂമൊട്ടുകളാകുന്ന മനോഹരശരീരിണികൾ. സുഷുപ്തി=ഉറക്കം. സുശീതള...ശയ്യ=നല്ല തണുപ്പുള്ളതും പുഷ്പങ്ങൾ വിതറിയിട്ടുള്ളതും, ഭംഗിയുള്ളതുമായ വിരിപ്പു്. ഹരിതദീപ്തം=പച്ചനിറത്താൽ ശോഭിക്കപ്പെട്ടതു്. അനാകുലം=സങ്കടമില്ലാതെ. മലയമാരുതൻ=ചന്ദനമരങ്ങളിൽ തട്ടിവരുന്ന ഇളങ്കാററു്.

ഈ കൃതിയിൽ എത്രയും ഒതുങ്ങിയതും, സമാധാനസമ്പൂരിതവുമായ അജപാലജീവിതത്തിന്റെ ആസ്വാദ്യതയെ വിവരിച്ചിരിക്കുന്നു. അങ്ങനെയൊരുജീവിതം കവി ആഗ്രഹിക്കുകയും ചെയ്യുന്നു.

## 4. ആശ.

വെൺമുകിൽ=വെള്ളമേഘം. താരക=നക്ഷത്രം. മതിലേഖ=ചന്ദ്രക്കല വഴുതും=വഴുതിപ്പോകുന്ന. ഹരിതപ്രഭം=പച്ചനിറത്താൽ ശോഭപിടിച്ച പീതം=മഞ്ഞനിറമുള്ളതു്. തമോമയം=ഇരുളടഞ്ഞതു് (ഇരുണ്ടതു്) (പൊയ്പോയകാലങ്ങൾ അത്യന്തസുന്ദരങ്ങളും വർത്തമാനകാലം ഭൂതത്തേപ്പോലെ സുന്ദരമല്ലെങ്കിലും ഏറെക്കുറെ ആസ്വാദനീയവും, ഭാവി അതിമാത്രം വിലക്ഷണവുമായിട്ടാണു തോന്നപ്പെടുന്നതു്) ബലഹീന=അശക്ത. ('ഇന്നു' എന്ന ദിവസം 'ഇന്നലെ' 'നാളെ' എന്ന രണ്ടു ദിവസങ്ങളുടെ മദ്ധ്യത്തിലാണല്ലോ. കവി പറയുന്നതു് ദുർബലയായ ആ 'ഇന്നു' എന്നവൾ 'ഇന്നലെ' 'നാളെ' എന്ന അവളുടെ രണ്ടു തോഴിമാരുടെ തോളത്തു പിടിച്ചെത്തുന്നുവെന്നാണ്) നിശ്ശൂന്യത=ഒന്നുമില്ലാതിരിക്കുന്ന അവസ്ഥ.

## 5. പരാജയം.

സംസാരം=മായാമയമായ ഈ പ്രപഞ്ചം. ചേതസ്സമാകർഷകം=മനസ്സിനെ ആകർഷിക്കുവാൻ പര്യാപ്തമായിട്ടുള്ളതു്. ജ്യോതിർമ്മയം=തേജസ്സുതുളുമ്പുന്നതു്. സ്ഫുലിംഗകങ്ങൾ=തീപ്പൊരികൾ. അജ്ഞാതം=അറിയപ്പെടാത്തതു്. പരീക്ഷണം=കണ്ടുപിടിത്തങ്ങൾക്കു നിദാനമായിട്ടുള്ള പരിശോധനാമാർഗ്ഗം. (Experiments) പാടവം=സാമർത്ഥ്യം. നിത്യപ്രകാശസരിത്തു്=എന്നെന്നും നിലനിൽക്കുന്ന പ്രകാശപ്രവാഹം. ചേതന=ബുദ്ധി (ബോധം) പുരോഗമനം=മുന്നോട്ടുള്ള പോക്കു" (അഭ്യുദയം ബന്ധിതം=ബന്ധിക്കപ്പെട്ടതു് (കുടുക്കപ്പെട്ടതു്), 'സംഭവ്യതാൻതിര' =പരമാണുപരീക്ഷണത്തിൽ ഇന്നത്തെ ശാസ്ത്രജ്ഞന്മാരെ അമ്പരപ്പിക്കുന്ന ഒരു 'പരിണാമ'ത്തെക്കുറിച്ചു വ്യവഹരിക്കുന്ന സംജ്ഞ. ("Waves of Probability." See Books in Modern Science) വിശ്വം=ലോകം. സാതപം=സങ്കടത്തോടുകൂടി. തത്വചിന്ത=Philosophy പിതാമഹന്മാർ=പൂർവ്വികന്മാർ.

Digitized By Kerala Sahitya Akademi

അനൊ... പാടി=തുഞ്ചത്തെഴുത്തച്ഛൻ ഒരു തത്തയെക്കൊണ്ടാണല്ലോ രാമായണം മുഴുവൻ പാടിപ്പിച്ചിട്ടുള്ളത്. നിന്ദിക്ക=ആക്ഷേപിക്ക. ആലംബകേന്ദ്രം=അടിസ്ഥാനമർമ്മം. കല്പാവ=ക്ഷേത്രത്തിലെ വിഗ്രഹങ്ങളെ സൂചിപ്പിക്കുന്നു. നിരഘം=ദിവ്യം. അഞ്ജലിബദ്ധന്മാർ=കൂപ്പുകൈയോടുകൂടിയവർ.

ഒരുകാലത്തു മനുഷ്യാതീതമെന്നു കരുതപ്പെട്ടിരുന്ന പലതും ശാസ്ത്രത്തിന്റെ അത്ഭുതാവഹമായ പുരോഗതിയാൽ ഇന്നു ക്ഷിപ്രസാദ്ധ്യങ്ങളായിത്തീർന്നിട്ടുണ്ട്. എന്നാൽ, ഈ അടുത്തകാലത്തു ശാസ്ത്രത്തിന്റെ ആ സാഹങ്കാരഗർജ്ജനങ്ങൾ മുഴക്കിക്കൊണ്ടുള്ള ത്വരിതപ്രയാണം അല്പമൊന്നു നിലച്ചിരിക്കയാണ്. നാലുപാടും പകച്ചുനോക്കി ഇന്നത്തെ ഭൗതികശാസ്ത്രം ഇതാ ആത്മീയത്തിലേക്ക്—അഥവാ വേദാന്തത്തിലേക്ക്—കാൽകുത്തുവാൻ തുടങ്ങുന്നു. പരമാണുപരീക്ഷണം ഇപ്പോൾ ചില നൂതനാശങ്കകളേയാണ് ആവിഷ്കരിച്ചിരിക്കുന്നത്. പരിണാമത്തിന്റെ പരിണാമമായ പരമാണുവിനുപോലും ഒരു പരിണാമമുണ്ടെന്നാണ് ഇന്നത്തെ പ്രശസ്തശാസ്ത്രജ്ഞന്മാരുടെ പരീക്ഷണപ്രയത്നം വിഷാദഭാവത്തിൽ വിളിച്ചുപറയുന്നത്. ആ പരിണാമം എന്തെന്നറിവക്ഷിക്കുവാൻ ഭൂതക്കണ്ണാടിയ്ക്കോ, ഇതരശാസ്ത്രീയോപകരണങ്ങൾക്കോ കഴിഞ്ഞിട്ടില്ല. പരമാണുവിന്റെ ആ പരിണാമം കേവലമൊരു മരീചികാരൂപത്തിൽ പ്രത്യക്ഷപ്പെടുന്നുവെന്നു മാത്രമേ അവർ പറയുന്നുള്ളു. ഇന്നതെന്നറിയുവാൻ പാടില്ലെങ്കിലും ആ വിഷമംപിടിച്ച 'സംശയ'ത്തിന് അവർ ഒരു പേരുകൊടുത്തു. അതാണ്, Waves of Probability 'സംഭവ്യതതൻതിര'യെന്നു സൂചിപ്പിച്ചിട്ടുള്ളത്.) ഇതുതന്നെ നമുക്കു മായയെന്നു വ്യാഖ്യാനിക്കാം. ഇന്നത്തെ കുശാഗ്രബുദ്ധികളായ ശാസ്ത്രജ്ഞന്മാരുടെ തലയോട്ടിനുള്ളിൽ കൊടുങ്കാറ്റുണ്ടാക്കുന്ന ഈ സംശയം, ഭാരതത്തിലെ പുരാതനാചാര്യന്മാർ എത്രയോ ശതാബ്ദങ്ങൾക്കപ്പുറം പുറപ്പെടുവിച്ചിട്ടുള്ളതാണ്.' "ബ്രഹ്മം സർവ്വം ജഗന്മായാ" എന്നു ആ ആചാര്യന്മാർ ആരംഭിച്ചിട്ടുള്ളതു ഇന്നത്തെ പാശ്ചാത്യശാസ്ത്രജ്ഞന്മാർ പറഞ്ഞവസാനിപ്പിച്ചിരിക്കുന്നുവെന്നു തോന്നുന്നു. എന്തായാലും മനുഷ്യാതീതമായ ഏതോ ഒരത്ഭുതശക്തി ഇക്കാണുന്ന ചരാചരങ്ങൾക്കെല്ലാം ഏകാവലംബമായി പ്രവർത്തിക്കുന്നുണ്ടെന്നുള്ളതിനെയാണ് ഈ കൃതി വെളിപ്പെടുത്തുന്നത്.

## 6. ജീവിതസ്വപ്നം.

കണികകൾ=തുള്ളികൾ. പ്രണയതുന്ദിലം=സ്നേഹസമ്പൂർണ്ണം. (പ്രണയം, പ്രേമം രാഗം ഈ പദങ്ങളെല്ലാംതന്നെ സ്നേഹത്തെ വിവക്ഷിക്കുന്നതിനു ഈ കവി ഒരുപോലെ സ്വീകരിച്ചിരിക്കുന്നു.) ഹിമകണിക=മഞ്ഞുതുള്ളി. ആയസഹസ്തം=ഇരുമ്പിൻകൈ (Iron Hand) കല്പകച്ഛായ=കല്പവൃക്ഷത്തണൽ. അമരുക=ജീവിക്കുക. മഹി=ഭൂമി. ഭുവനശാന്തി=ലോകസമാധാനം. നിഹത=ഭാഗ്യഹീന ആലംബശൂന്യർ=ആശ്രയമില്ലാത്തവർ. വിധേയർ=അനുകൂലികൾ. നിർവ്വാണം=മോക്ഷം. (ഇവിടെ സമാധാനസമ്പൂർണ്ണമായ പരമാനന്ദമെന്നു താല്പര്യം.)

Digitized By Kerala Sahitya Akademi

ലോകസ്വഭാവം, ജീവിതത്തിൻെറ ക്ഷണികത, ദുഃസ്വഭാവങ്ങളുടെ അത്ഥശൂന്യത, മനുഷ്യൻെറ നിസ്സഹായത ഇവയാണ് ഈ കൃതിയിൽ പ്രതിപാദിച്ചിരിക്കുന്നതു്.

## 7. വിശ്രാന്തി.

വിശ്രാന്തി-സമാധാനകരമായ വിശ്രമം. ഹൃത്ത്=ഹൃദയം. അതീവ=ഏററവും. കളകളം......കണ്ണർ=കളകളഗാനമുതിൎത്തുകൊണ്ടിരിക്കുന്ന കണ്ണ(കുഴൽ)ത്തോടുകൂടിയവർ. വിരസത=രസമില്ലായ്മ. കരാളം=മൂച്ചയേറിയതു്. നിശാന്തരീക്ഷം=രാത്രികാലത്തിലെ അന്തരീക്ഷം. പരമശാന്തി=ശ്രേഷ്ഠമായ സമാധാനം. ധ്വനിതജീവൻ=മുറിപ്പെട്ട പ്രാണൻ. പാദപപടലി=വൃക്ഷസമൂഹം. പതംഗപാളി=പക്ഷിക്കൂട്ടം. ചല......സുരഭിലാംഗികൾ=ഇളകിക്കൊണ്ടിരിക്കുന്ന ഇലകളാൽ നിറയപ്പെട്ടു, സൗന്ദൎയ്യമുള്ളവരായി, സുഗന്ധശരീരിണികളായി നിൽക്കുന്ന പലതരം പൂക്കൾ. ദൎശനം=കാഴ്ച. ഗിരികൾ=പൎവ്വതങ്ങൾ. കരിമുകിലുകൾ=കാൎമ്മേഘങ്ങൾ. ആരചൻ=രാജാവു്. അരമന=രാജകൊട്ടാരം.

ഈ കൃതിയിൽ ഏകാന്തവാസത്തിൻെറ മാധുൎയ്യമാണ് വൎണ്ണിച്ചിട്ടുള്ളതു്. പല ദുസ്സ്വഭാവങ്ങളുടേയും ഹൃദയശൂന്യതകളുടേയും സങ്കേതരംഗമായ ജനബാഹുല്യമുള്ള സ്ഥലത്തുനിന്നൊഴിഞ്ഞകന്നു, 'ഓറാസ്ലു' വല്ല നാട്ടിൻപുറത്തും കഴിഞ്ഞുകൂടുന്നതു് എത്രയും ആശ്വാസകരവും ആനന്ദപ്രദവുമാണെന്നു് ഇതിൽനിന്നു വെളിവാകുന്നു. പ്രകൃതിയെ നോക്കി പല തത്വങ്ങൾ പഠിക്കുവാനും ഇതു കൂടുതൽ സൌകൎയ്യം നൽകുന്നു. ഒരു മദ്ധ്യാഹ്നത്തിൽ, കവി ഒരു നാട്ടിൻപുറത്തു് ഒരു മരച്ചുവട്ടിൽ മുണ്ടുവിരിച്ചു കിടക്കുമ്പോൾ അദ്ദേഹത്തിൻെറ ഹൃദയത്തിലങ്കുരിച്ച വിചാരങ്ങൾ അതേപടി ചിത്രീകരിച്ചിട്ടുള്ളതാണ് ഈ കാവ്യം.

## 8. തപ്തസ്മരണ.

തപ്തം=ചൂടുപിടിച്ചതു്. അനഘം=പരിശുദ്ധം (ദിവ്യം). പൂവനം=പൂന്തോട്ടം. കുസുമകാലം=വസന്തം. നവസുഷമകൾ=പുതിയവിലാസങ്ങൾ. കാമ്യം=ആഗ്രഹിക്കത്തക്കതു്. അപരചിന്തകൾ=അന്യവിചാരങ്ങൾ. അമലകേളികൾ=പരിശുദ്ധലീലകൾ. അമരസൌഖ്യങ്ങൾ=സ്വൎഗ്ഗസുഖങ്ങൾ. ക്വപടം=കളവു്, പൂമ്പാററ=ചിത്രശലഭം. മഴമുകിലിൽമണിമേടതീൎക്കുക=മനോരാജ്യത്തിൽ മുഴുകുക (Building castles in the air—ആകാശക്കോട്ടകെട്ടുക) ഹൃദയഹാരി=മനസ്സിനെ കവരുന്നതു്. മഞ്ജീര......മുഖരിതം=കാൽച്ചിലമ്പൊലിച്ചയാൽ മാറെറാലിക്കൊള്ളപ്പെട്ടതു്. ബകുളപുഷ്പങ്ങൾ=ഇലഞ്ഞിപ്പൂക്കൾ.

കഴിഞ്ഞകാലത്തിലേക്കു കണ്ണോടിക്കാത്തവരായി ആരുംതന്നെ ഉണ്ടായിരിക്കയില്ല. അതു മൎത്ത്യസ്വഭാവമാണ്. സ്മരണയ്ക്കു് ഏതുകാലത്തും ഒരു പ്രത്യേക പുതുമയുണ്ടു്. ഏവൻെറ ജീവിതത്തിലും ആ 'ശൈശവം' എന്ന കാലഘട്ടം അത്യന്തം മധുരമായിരിക്കും. (വേഡ്സ്വത്ത് എന്ന ആംഗലേയ മഹാകവിയുടെ കൃതികളിൽ ഈ ആശയം പലയിടത്തും സ്പൃഹണീയമാംവണ്ണം വെളിപ്പെടുത്തിയിട്ടുണ്ടു്.) 'മണിവീണ'യുടെ കൎത്താവും, തൻെറ ശൈശവകാലത്തേയും ഇപ്പോഴത്തെ യൌവന-

Digitized By Kerala Sahitya Akademi

ത്തേയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുന്നു. അവയുടെ അന്തരം കണ്ടു ദുഃഖിക്കുന്നു. ഭൂതകാലത്തിലെ ആനന്ദാനുഭവങ്ങളെ ഓരോന്നായോർത്തോർത്തു നിർവൃതിയടയുന്നു.

## 9. എന്റെ നിർവൃതി.

കോകിലാലാപം=കുയിലിന്റെ പാട്ട്. കമനീയ......കാലം=സുന്ദരവും, ആഗ്രഹങ്ങളെ പ്രദാനംചെയ്യുന്നതുമായ വസന്തം. മധുപാന......ഗീതം=തേൻകുടിച്ചു മത്തുപിടിച്ച വണ്ടുകളുടെ പാട്ട്. സുരഭി=സുഗന്ധമുള്ളത്. മന്ദവാതം=ഇളംകാററ്. ലതാനികുഞ്ജം=വള്ളിക്കുടിൽ. തല്പം=കിടക്ക. 'തുഷാരഹാരം=മഞ്ഞുതുള്ളികളായ മുത്തുമണികൾകൊണ്ടു തീർത്തിട്ടുള്ള മാല. [ഇവിടെ, ശ്രീമാൻ ഇടപ്പള്ളി രാഘവൻപിള്ളയുടെ ഒരു മധുരകാവ്യസമുച്ചയത്തെ സൂചിപ്പിക്കുന്നു. കവിക്കു, തന്റെ ആത്മസുഹൃത്തായ അദ്ദേഹത്തിന്റെ ഈ നവീനഗ്രന്ഥം അത്യന്തം പ്രിയതരമായ ഒരു വസ്തുവാണ്.] കവി, സുന്ദരവും പരിശുദ്ധവുമായ ഒരു ഭാവനാരംഗം സൃഷ്ടിക്കുന്നു. യഥാർത്ഥലോകത്തിൽ ഏവംവിധമുള്ള പരിസരങ്ങളോടു കൂടിയ ഒരു ജീവിതമാണ് കവിക്ക് ഏററവും നിർവ്വാണപ്രദമായിട്ടുള്ളത്.

## 10. ഹേമ.

വനികാംഗന=ഉദ്യാനമാകുന്ന സ്ത്രീ. താപം=സങ്കടം. തരുണാക്കൻ=പ്രഭാതസൂര്യൻ. നീരാളപ്പട്ടുചേല=വിലപിടിച്ച പട്ടുവസ്ത്രം. നൂപുരം=കാൽച്ചിലമ്പ് (പാദസരം) കഞ്ജം=താമര. അലർ=പൂവ്. സ്വേദം=വിയർപ്പ്. മുകുരം=കണ്ണാടി. മഞ്ജിമ=സൗന്ദര്യം. ഉടലാന്നതുപോലെ=ശരീരം (രൂപം)എടുത്തതുപോലെ. രമ്യം=മനോഹരം. മധുവിധു=നവദമ്പതിമാരുടെ ആനന്ദമയമായ ഒരു ചുരുങ്ങിയ കാലഘട്ടം (Honey-moon)

കേവലം വർണ്ണനാപരമായ ഒരു കൃതിയാണിത്. ഹേമ എന്ന ഒരു തരുണി തന്റെ പൂങ്കാവനത്തിൽ, പ്രഭാതകാലത്തു പൂ പറിച്ചുകൊണ്ടിരിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു.

## 11. ശവകുടീരത്തിന്മേൽ

ഈ പദ്യം ഒരു ശവകുടീരത്തിന്മേൽ കുറിക്കേണ്ടതായോ, കുറിച്ചിരിക്കുന്നതായോ, സങ്കല്പിച്ചുനിർമ്മിച്ചിട്ടുള്ളതാണ്. പാശ്ചാത്യരുടെ ഇടയിൽ സാധാരണയായി ഇങ്ങനെയൊരു സമ്പ്രദായമുണ്ട്. അവരുടെ ശവകുടീരത്തിന്മേലെല്ലാം, അവരുടെ ജീവിതമർമ്മത്തോടടുത്തബന്ധമുള്ള എന്തെങ്കിലും ഒരാശയത്തെ വെളിവാക്കുന്ന ഒരു പദ്യശകലം—ഒരുകുറിപ്പ്—ഉണ്ടായിരിക്കും. ഇതിനു Epitaph എന്നു പറയുന്നു. അങ്ങനെയുള്ള ഒരു കുറിപ്പാണിത്.

ഇതിനകത്ത്=ഈ കല്ലറയ്ക്കകത്ത്. ശിഥിലം=തകർന്നുപോയത്. രാഗാർദ്രം=സ്നേഹത്താൽ ആർദ്രമായത്. ദുർബ്ബലം=ശക്തിയില്ലാത്തത്. ലഭിച്ചിടാതാകലം=കിട്ടാതെ സങ്കടപ്പെട്ടുകൊണ്ട്. പഥികാ=വഴിയാത്രക്കാര![സംബോധന—O Traveller!] മഥിതചിത്തം=മഥിക്കപ്പെട്ട (കടഞ്ഞ; മർദ്ദിക്കപ്പെട്ട) മനസ്സ്.

Digitized By Kerala Sahitya Akademi

## 12. ഏകാന്തതയിൽ.

നീലശിലാതലം=നീലനിറമുള്ള കൽവിരിപ്പ്. ചിന്തകൾ=വിചാരങ്ങൾ. സുര......ലോലുപർ=ദേവന്മാരുടെ അമൃതം അനുഭവിക്കുന്നതിൽ താല്പര്യമുള്ളവർ (ഉറങ്ങുവാനിഷ്ടമുള്ളവർ) പരിമിതം=അതിരുള്ളതു്. പരിസരം=ചുററുപാട്ടം. ചന്ദ്രിക=നിലാവു്. നിശീഥം=രാത്രി. സരസ്സ്=പൊയ്ക. അങ്കുരങ്ങൾ=മുളകൾ (ക്രമുകൾ കുരുന്നുകൾ) പാതിരാപ്പക്ഷി=പാതിരയ്ക്കു പാടുന്ന കിളി (രാക്കുയിൽ Nightingale) അവികലം=ഭിന്നിക്കപ്പെടാത്തതു്. നിന്ദ്ര ൻ=ഉറക്കമില്ലാത്തവൻ. സമുദിതശാന്തി=ഉത്ഭവിച്ച സമാധാനം.

ഒരുരാത്രി കവി, ഏകനായിട്ടിരുന്നു ചിന്തിക്കുന്നു.ലോകമാകമാനം സുഖനിദ്രയിൽ മുഴുകുമ്പോൾ താൻമാത്രം ഇങ്ങനെ നിന്നിദ്രനായിരിക്കുമാറു തന്നെപ്പീഡിപ്പിക്കുന്ന മനഃക്ലേശങ്ങളെയോർത്തു് അദ്ദേഹം സങ്കടപ്പെടുന്നു.

## 13. അനുഭൂതി.

പഴുതു്=വിടവു്. വർമതി=മനോഹരനായ ചന്ദ്രൻ. രജനി=രാത്രി. ഉന്മാദം=മത്തത. തരുക്കൾ=വൃക്ഷങ്ങൾ. അന്തരംഗാന്തരത്തിൽ=ഹൃദയാന്തർഭാഗത്തിൽ (നടിയിൽ ആകാശം പ്രതിഫലിക്കുന്നതു കണ്ടിട്ടു്) ആരണ്യപ്പുഞ്ചോല=അഴകുള്ള കാട്ടരുവി. അമന്ദം=വേഗത്തിൽ. മരന്ദം=തേൻ. വല്ലികാനടി=വല്ലിയാകുന്ന നർത്തകി. പല്ലവാകുലം=തളിർനിറഞ്ഞതു്. കാമ്യം=കാമിക്ക (ആഗ്രഹിക്ക)ത്തക്കതു്. സായാഹ്നരാഗം=സന്ധ്യാകാലത്തിലെ ചുവപ്പുനിറം.

"ജീവിതം ക്ഷണികമായിരിക്കാം. പക്ഷേ അതു സുരമ്യവും കാമ്യവും കൂടിയാണു്. ലോകം ആനന്ദവിഭവങ്ങളെ സദാ പ്രദാനംചെയ്യാൻ സന്നദ്ധയായി നിൽക്കുന്നു. ഒരു നിമിഷം പാഴിൽക്കളഞ്ഞാൽ അതൊരു വലിയ നഷ്ടമാണു് —ഇദ്ദേഹത്തിന്റെ ഇതരകൃതികളിൽനിന്നും എത്രയും വിഭിന്നമായ ഒരു നൂതന സന്ദേശം—ഉദ്ബോധനം—ആണു് ഈ കൃതിയിൽ ആദ്യന്തം നിഴലിച്ചു കാണുന്നതു്.

## 14. സങ്കേതം.

അല്ലൽ=സങ്കടം. ആസന്നഭാവി=അടുത്തഭാവി. ആലംബം=ആശ്രയം. അന്ത്യവിശ്രമരംഗം=അവസാനവിശ്രമസ്ഥാനം (ശവം മറവുചെയ്യുന്ന സ്ഥലം) പൊന്നലർ=പൊൻപൂവു്. മാനവ......കാനനം=മനുഷ്യരുടെ കാൽപെരുമാററംപോലുമേല്ക്കാത്ത കൊടുങ്കാടിന്റെ ഉൾഭാഗം. ചരിതാർത്ഥ്യം=കൃതാർത്ഥത. [കവിയുടെ ആശയം സ്പഷ്ടം.]

## 15. ശൂന്യതയിൽ

ചിൽപ്രകാശം=ഇവിടെ ദൈവം എന്നു സങ്കല്പം. ശിശു=കുട്ടി. ചാപലം=ചപലത. അന്ധകാരം=ഇരുട്ടു്. അനന്തമററ=അവസാനമില്ലാത്ത. ഏകാന്തഭീരു=തനിച്ചിരിക്കുന്ന ഭീരു (ഇവിടെ, തനിച്ചിരിക്കുന്നതിൽ ഭയമുള്ളവൻ എന്നർത്ഥം.) ആത്മരോദനം=ആത്മാവിന്റെ കരച്ചിൽ.

Digitized By Kerala Sahitya Akademi

പ്രാപഞ്ചികജീവിതത്തിൽ തനിക്കു തരണംചെയ്യേണ്ട അന്തമററ വിഷമതകളേയും ക്ലേശങ്ങളേയുംകണ്ട് ഭയവിഹ്വലനായി, നിസ്സഹായനായി നിരാശാപരവശനായി നിത്യശാന്തിയുടെ—ജീവാത്മാവിനെ പരമാത്മാവിനോടുചേർക്കുന്ന മരണത്തിന്റെ—സമാഗമനത്തിനായി പ്രാർത്ഥിക്കുന്നു.

## 16. വിസ്മൃതി

ചാമ്പൽ=ചാരം. വിസ്മൃതി=മറവി. നിശ്ശൂന്യഗർത്തം=വെറും പൊള്ളയായ പാതാളം, ദീനഹൃദയൻ=സങ്കടംനിറഞ്ഞ മനസ്സോടുകൂടിയവൻ. ആരുകേഴും=ആരു കരയും?

സ്നേഹപൂർണ്ണങ്ങളായ എത്രയെത്ര ഹൃദയങ്ങൾ മണ്ണടിഞ്ഞുപോയാലും നിയതിക്കു അതു ഗൗനിക്കേണ്ട ഭാരമില്ല. അതിവിപുലമായ മറവിയുടെ ഉദരഗഹ്വരത്തിൽ അവ താനേ മാഞ്ഞുകൊള്ളും. ഏതാനും വ്യക്തികൾ ശിഥിലഹൃദയരായി കണ്ണുനീർ വാർക്കുന്നുണ്ടെന്നുവെച്ചു പ്രകൃതിയിൽ ആനന്ദപ്രകടനങ്ങൾക്കു അശേഷം വൈരസ്യം സംഭവിക്കുന്നില്ല. കാലചക്രത്തിരിച്ചിലിനു യാതൊരു മാന്ദ്യവും നേരിടുന്നുമില്ല. ആദിത്യൻ ദിവസവും കൃത്യമായുദിക്കും; അസ്തമിക്കും.

ലോകാരംഭംമുതൽ ഇന്നുവരെ എത്രകോടി മനോഹരപുഷ്പങ്ങൾ അവയുടെ സുഗന്ധമരന്ദങ്ങൾ വർഷിച്ചു കൊഴിഞ്ഞുവീണിട്ടുണ്ട്! അതുപോലെ, എത്രയെത്ര പൂക്കാലങ്ങളാണ് പൂങ്കാവനങ്ങളെ സന്ദർശിച്ചു കരഞ്ഞുകൊണ്ട് പിരിഞ്ഞുപോയതു്! ഇങ്ങനെയെല്ലാമിരുന്നിട്ടും, ഒരു കുയിലെങ്കിലും ആനന്ദത്താൽ മതിമറന്നു പാടാതിരിക്കുന്നുണ്ടോ? ഇല്ല. ഒരു പൂമൊട്ടെങ്കിലും പുഞ്ചിരിതൂകി വികസിക്കാതിരിക്കുന്നുണ്ടോ? അതും ഇല്ല—അപ്പോൾ, ഒന്നു നശിച്ചുപോയി എന്നതിൽ ലോകത്തിനു യാതൊരു ചേതവും ഖേദവും വരാനില്ല. സമസ്തവും ആ 'മറവി'യെന്ന അഗാധപാതാളത്തിലടിഞ്ഞുതന്നെപോകും—"അയ്യോ!", കവി ആശങ്കയോടെ സങ്കടപ്പെടുകയാണ്, "പിന്നെ, നിസ്സാരനായ ഈ ഞാൻ ഇങ്ങനെ ഹൃദയം നൊന്തുനൊന്തു ഒരുദിവസം അതിനുള്ളിൽ താണുപോകുമ്പോൾ, എന്നെയോർത്തു ഒരുതുള്ളി കണ്ണുനീർ പൊഴിക്കാൻ വല്ലവരും ഉണ്ടാകുമോ?"

## 17. പ്രഭാതബാഷ്പം.

മഹനീയം=ശ്രേഷ്ഠം. സുരപഥം=ആകാശം. ഉടലാകെക്കോരിത്തരിച്ചു=ദേഹമാസകലം രോമാഞ്ചംകൊണ്ടുനിറഞ്ഞു. അളികുലം=വണ്ടിൻകൂട്ടം. അവികലാനന്ദം=യാതൊരു ശൈഥില്യവുമില്ലാത്ത (പരിപൂർണ്ണമായ) സന്തോഷം. തരംഗസംഗം=തിരകളുടെ സമ്പർക്കം. ഹിമകണവൈഡൂര്യമാല്യം=മഞ്ഞുതുള്ളികളാകുന്ന വൈഡൂര്യമാല. തൃണരാജി=പുല്ലിൻകൂട്ടം. കാല്യം=പ്രഭാതം. നവ്യചൈതന്യം=പുതിയ തേജസ്സ്. ഹതൻ=ഭാഗ്യഹീനൻ. ഏവം=ഇപ്രകാരം. യോഗം=വിധി (തലയിലെഴുത്ത്) സമാധാനമൂകം=മറുപടിപറയുന്നതിൽ മൗനഭാവം അവലംബിക്കുന്നതു്. കവനസ്വരൂപിണി=കാവ്യലക്ഷ്മി (കവിതാദേവി) കമിതാക്കന്മാർ=കാമുകന്മാർ. (കവികൾ കവിതാലക്ഷ്മിയുടെ കാമുകന്മാരാണെന്നു് പ്രസിദ്ധം) അനുനയലോലൻ=അനുനയിപ്പിക്കുന്നതിൽ (ഓരോ സരസസംഭാഷണങ്ങളാൽ തന്നോടനുകൂലഭാവമുണ്ടാക്കിത്തീർക്കുന്നതിൽ) താല്പര്യമുള്ളവൻ.

Digitized By Kerala Sahitya Akademi

ലഭ്യം=കിട്ടുന്നതു് (കിട്ടാവുന്നതു്.) ശുഷ്കം=വരണ്ടതു് (ശുഷ്കമായതു്.) വിരളം=ദുർല്ലഭം (ചുരുക്കം). തരുനിര=വൃക്ഷക്കൂട്ടം.

ലോകം മുഴുവൻ പരമാനന്ദത്തിൽ മുഴുകിയിരിക്കുന്നു. പ്രകൃതിയുടെ എല്ലാവശത്തും സന്തോഷചൈതന്യം പ്രതിഫലിച്ചുകാണുന്നു. ആ അവസരത്തിൽ, ഹതഭാഗ്യനായ കവിയാകട്ടെ വിവിധചിന്തകളാൽ പരവശനായിരുന്നു കഴിയുന്നു. ആ പ്രഭാതരംഗത്തിൽ തന്റെ പരിസരാന്തരീക്ഷത്തിലേക്കു് കണ്ണോടിക്കുമ്പോൾ കവി. താനുമാത്രമേ ശോകപരവശനായി കാണുന്നുള്ളു. ഈ അന്തരം അദ്ദേഹത്തിന്റെ ഹൃദയത്തെ കൂടുതൽ വേദനിപ്പിക്കയാണു് ചെയ്യുന്നതു്. എത്രമാത്രം മനഃക്ലേശങ്ങളുണ്ടായിരുന്നാലും കാവ്യലക്ഷ്മിയുടെ കടാക്ഷം ലഭിക്കുന്ന സന്ദർഭങ്ങളിലെല്ലാം—കവിതയെഴുതുവാൻ കഴിയുന്ന അവസരങ്ങളിലെല്ലാം—കവി, അവയെ മറന്നുപോകുകയാണു് പതിവു്. ഏറെനാളായി ആനന്ദവിസ്മൃതിയരുളുന്ന ആ ദേവിയും വിമുഖയായിത്തീർന്നിരിക്കുന്നു. പിന്നെന്തുചെയ്യും?

കവി സ്നേഹത്തിനുവേണ്ടി—കളങ്കമററ സ്നേഹത്തിനുവേണ്ടി—നിസ്വാർത്ഥവും സുസ്ഥിരവുമായ സ്നേഹത്തിനുവേണ്ടി—ലോകമൊട്ടുക്കു് തിരഞ്ഞുനടക്കുന്നു. അതിന്റെ ഒരു ശകലമെങ്കിലും കണ്ടെത്തുന്നില്ല. നിരാശ!—കൊടിയ നിരാശ—മാത്രമാണു് അദ്ദേഹത്തെ ഏതൊരിടത്തും സ്വാഗതംചെയ്യുന്നതു്. തൻമൂലം, വ്യഥിതഹൃദയനായി, ജീവിതനൈരാശ്യത്തിനധീനനായി കവി പറയുന്നു:—'മേലിലും പ്രകൃതിയിൽ ഏവംവിധമുള്ള ആനന്ദസമൃദ്ധികളുടെ ഉല്ലാസനർത്തനങ്ങൾ കണ്ടേക്കാം. മന്ദഹാസത്തിന്റെ കനകനീരാഴിയിൽ പ്രപഞ്ചം ആറാടിയുല്ലസിക്കാം. പക്ഷേ അതിനിടയിൽ ഒരു ഹൃദയം (എന്റെ ഹൃദയം) തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടിരിക്കും.'

## 18. ആ രംഗം.

മാനസനേത്രം=മനോദൃഷ്ടി (മനസ്സിന്റെ കണ്ണു്.) മതി=മനസ്സു്. മോദം=സന്തോഷം. അണയ്ക്കുക=കൊണ്ടുവരിക, ഉണ്ടാക്കുക. മധുകരകലഗീതമുഖരിതം=വണ്ടിൻകൂട്ടങ്ങളുടെ 'മധുരകളഘോഷത്താൽ ശബ്ദായമാനമായിത്തീർന്നതു്. പരഭൃതതതി=കുയിൽക്കൂട്ടം. മുദിതർ=സന്തുഷ്ടർ. ബകുളം=ഇലഞ്ഞി. പരിവേഷം=ശരൽക്കാലങ്ങളിൽ ചന്ദ്രനുചുററും വട്ടത്തിലാകൃതിയിൽ കാണപ്പെടുന്ന ഒരു പ്രകാശരേഖ. ദിനകരമൃദുകരം=സൂര്യന്റെ മൃദുലരശ്മി. കുരവകം=ചെംകുറിഞ്ഞി. കൗതുകദം=സന്തോഷമുണ്ടാക്കുന്നതു്.

(ആശയം സ്പഷ്ടം.)

## 19. അടുത്ത പ്രഭാതം.

വക്ത്രം=മുഖം. വർണ്ണം=നിറം (സാമുദായികമായ ഒരു തരംതിരിക്കലിന്റെ പൊതുവേയുള്ള സാങ്കേതികസംജ്ഞ—ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര എന്നിങ്ങനെ ചാതുർവർണ്ണ്യങ്ങൾ) വിശ്വഹസ്തം=വിശ്വത്തിന്റെ ഹസ്തം. വിശ്വം=ലോകം. ഹസ്തം=കൈ. പുരോഗതി=ഉൽക്കർഷം. മിഥ്യാഭിമാനം=വെറുതെയുള്ള (അടിസ്ഥാനരഹിതമായ) അഭിമാനം. വിദൂരസ്ഥം=വളരെ അകലത്തിലിരിക്കുന്നതു്. വിത്തവല്ലരി=ധനമാകുന്ന

Digitized By Kerala Sahitya Akademi

ചെടി. മാനസസൂനം=മനസ്സാകുന്ന പുഷ്പം. അഭ്യസനം=പരിശീലനം. ക്ഷുത്തു്=വിശപ്പ്. വന്ദ്യ=വന്ദിക്കപ്പെടുവാൻ അർഹതയുള്ളവ൦ (വന്ദിക്കപ്പെട്ടവ൦.) നമിച്ചു=നമസ്കരിച്ചു. നിന്ദിത=നിന്ദിക്ക(ആക്ഷേപിക്ക)പ്പെട്ടവ൦.

ലോകം 'ഭിന്നവർണ്ണങ്ങളെക്കൊണ്ടു നിറയപ്പെട്ടിരിക്കുന്നു. കപടതയല്ലാതെ ആത്മാർത്ഥത ഒരിടത്തും കണികാണാനില്ല. ജനങ്ങളും പരിഷ്കാരങ്ങളും നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതു 'പുരോഗതി'യാണെന്നാണു ലോകത്തിന്റെ വിശ്വാസം. പക്ഷേ സത്യം നേരേമറിച്ചും!—സാധുക്കളുടെ—പട്ടിണികൊണ്ടു പൊരിയുന്ന പാവങ്ങളുടെ—പേരിൽ കവിയുടെ അനുകമ്പ ഈ പദ്യശകലത്തിൽ തെളിഞ്ഞുകാണുന്നു. ധനവാന്മാരുടെ അഹങ്കാരഗർജ്ജനവും, പട്ടിണിക്കാരുടെ ദീനവിലാപവും നിശ്ശേഷം നീങ്ങി, സമത്വത്തിന്റെയും സൗഹാർദ്ദസമാധാനങ്ങളുടേയും സുന്ദരസംഗീതം എന്നു ഉത്ഭവിക്കുന്നുവോ, അന്നുമാത്രമേ ലോകം വന്ദനീയയായിത്തീരുകയുള്ളൂ; അന്നുമാത്രമേ യഥാർത്ഥ 'പുരോഗതി'യെപ്പററി പ്രശംസിക്കുവാൻ തരമുള്ളൂ. അതിനാൽ ആ സുദിനം വന്നണയുന്നതുവരെ ലോകം നിന്ദിതതന്നെയാണെന്നാണു കവിയുടെ അഭിപ്രായം.

## 20. പ്രതീക്ഷ.

കരിമുകിൽ=കാർമേഘം. കനകതാര=കനകനക്ഷത്രം. കലിതഗൽഗദം=ഗൽഗദത്തോടുകൂടിയതു്. ദാരുണം=ദയനീയം. കദനം=സങ്കടം. ബാഷ്പാഭിഷിക്തം=കണ്ണുനീരിനാൽ കഴുകപ്പെട്ടതു്. നിമിഷകങ്ങൾ=മാത്രകൾ.

നിരാശയുടെ കാർമേഘങ്ങൾനിറഞ്ഞ ജീവിതാന്തരീക്ഷം. അവിടെ ഒരു കനകതാരകം ഉദിക്കാറുണ്ടു്—പ്രതീക്ഷ. ഹൃദയാവേശവിൽ ഒരാനന്ദഗാനംപോലുമങ്കുരിക്കാതെ, ജ്ഞാനത്തിന്റെ സ്വർണ്ണദീപം എരിഞ്ഞുകാണാതെ, മനുഷ്യൻ നിരാശനിമിത്തം മേൽക്കുമേൽ വർദ്ധിക്കുന്ന സന്താപതിമിരത്തിൽ ഓരോ മാത്രകളും പണിപ്പെട്ടു കഴിച്ചുകൂട്ടുന്നു. അവനറിയാതെ അവൻ ആ ദിവ്യപ്രതീക്ഷയെ—ഭാവിയിലെ ഭാഗ്യരശ്മിയെ—അമ്പരപ്പോടെ ഉഴറുന്നുനോക്കുന്നു. "നീ എവിടെ? നീ എവിടെ? ഒന്നിങ്ങുവരൂ" എന്നിങ്ങനെ ദയനീയമായി വിലപിക്കുന്നു.

Digitized By Kerala Sahitya Akademi

# കേരളവർമ്മസ്മാരകം
# ഉപഹാരമാല

---

കേരളവർമ്മദേവന്റെ ശതവർഷാഘോഷക്കമ്മിററിയുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയ

## കൈരളിയുടെ ഒരു അമൂല്യസമ്പത്ത്.

മഹാകവി ഉള്ളൂർ, മഹാകവി വള്ളത്തോൾ, ആറ്റൂർ കൃഷ്ണപ്പിഷാരടി, വടക്കുംകൂർ രാജരാജവർമ്മരാജാ, അനന്തപുരത്തുകൊട്ടാരത്തിൽ കാർത്തികനാൾ തമ്പുരാട്ടി, ചേലനാട്ട് അച്യുതമേനോൻ, അമ്പാടി കാർത്യായനിഅമ്മ, കല്യാണി കൃഷ്ണമേനവന്മാർ, പി. അനന്തൻപിള്ള മുതലായി കേരളത്തിലെ കേൾവികേട്ട സാഹിത്യകാരന്മാരുടെ സ്മര്യപുരുഷനെപ്പററിയുള്ള ഉപന്യാസങ്ങളും, അനവധി ഹാഫ്ടോൺ ചിത്രങ്ങളും, മുഖചിത്രമായി ചേർത്തിരിക്കുന്ന ത്രിവർണ്ണാങ്കിതമായ മയൂരസന്ദേശചിത്രവും ഏററവും ഹൃദ്യതരം!

ഡിമ്മി ¼ വലിപ്പത്തിൽ 160-ൽ പരം പേജുകൾ.

വില 2 രൂ. 8 ണ. മാത്രം.

ആവശ്യപ്പെടുക:—

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ബ്രാഞ്ചുകൾ:—തിരുവനന്തപുരം, ആലപ്പുഴ

Digitized By Kerala Sahitya Akademi

കണ്ടിയൂർ മഹാദേവശാസ്ത്രികളുടെ

വ്യാഖ്യാനത്തോടുകൂടിയ

# ദേവീസ്തോത്രങ്ങൾ

| | രു. | ണ. | പ |
|---|---|---|---|
| ശ്രീ കാമകലാവിലാസം | 0 | 6 | ( |
| ശ്രീ ബാലാവിംശതി | 0 | 6 | |
| ശ്രീ ലളിതാഷ്ടോത്തരശതനാമസ്തോത്രം | 0 | 4 | |
| ശ്രീ ചക്രലേഖനവിധി | 0 | 2 | |
| ശ്രീ പാദുകാപഞ്ചകം | 0 | 0 | |
| പരാശക്തിപൂജ | 0 | 0 | |
| ഷോഡാന്യാസം | 0 | [illegible] | |

## ഈ. വി. യുടെ കൃതികൾ.

| | | | |
|---|---|---|---|
| ചെറുകഥകൾ ഒന്നാംഭാഗം | 1 | 2 | 0 |
| ബാഷ്പവർഷം—നോവൽ | 1 | 2 | 0 |
| സീതാലക്ഷ്മി—ചരിത്രനാടകം | 1 | 2 | 0 |
| രാജാകേശവദാസൻ—ഗദ്യനാടകം | 0 | 12 | 0 |
| കവിതക്കേസ്സ് ” | 0 | 6 | 0 |
| വിസ്മൃതി ” | 0 | 12 | 0 |
| പ്രണയക്കമ്മീഷൻ | 0 | 8 | 0 |
| ബാലലീല—ചെറുകഥ | 0 | 6 | 0 |
| ഭാസ്കരൻ ” | 0 | 9 | 0 |
| ആദർശദർപ്പണം | 0 | 9 | 0 |

ആവശ്യപ്പെടുക:—

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

Digitized By Kerala Sahitya Akademi